കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(എം.എസ്)നം. 151/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 31.07.2017

---

ഉത്തരവ്

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട്, അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ. ഷാജഹാൻ

സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം
കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

## LIFE മിഷൻ - സമ്പൂർണ്ണ ഭവന പദ്ധതി
## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ

### 1. ആമുഖം

ജീവിതനിലവാര സൂചികകളിലും സാക്ഷരതയിലും ആരോഗ്യ-വിദ്യാഭ്യാസ സേവനങ്ങളുടെ വിതരണത്തിലും ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും ബഹുദൂരം മുന്നേറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ വികസനനേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുക, എല്ലാ വിഭാഗം ജനങ്ങൾക്കും വികസന ഗുണഫലങ്ങൾ ലഭ്യമാകുന്ന സാമൂഹ്യനീതി പുലർത്തുക എന്നിങ്ങനെ ഇന്ന് കേരളം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾക്കു പരിഹാരമായാണ് സർക്കാർ നവകേരളം കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

സേവനങ്ങൾ ഗുണമേന്മ ചോരാതെയും ന്യായമായ ചെലവിലും എല്ലാവർക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനായി നിർവ്വഹണത്തിലും മേൽനോട്ടത്തിലും ജനപങ്കാളിത്തവും ജനപക്ഷസമീപനവും നിലനിർത്തുക,കൈവരിച്ച നേട്ടങ്ങളുടെ സുസ്ഥിരതയ്ക്കായിമണ്ണും ജലവുമടക്കമുള്ള അടിസ്ഥാന പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുകതുടങ്ങിയ ഇടപെടലുകളാണ് ഈ പദ്ധതിയുടെ ജീവൻ. ഇതിനായി ആറു പ്രധാന വികസനമേഖലകളെ പരിഗണിക്കുന്ന നാലു മിഷൻ പ്രവർത്തനങ്ങളായാണ് നവകേരളം കർമ്മപദ്ധതി നടത്തിപ്പ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ജലസംരക്ഷണവും പരിപോഷണവും, മാലിന്യസംസ്കരണം, ജൈവകൃഷി വികസനം എന്നീ മേഖലകൾക്കായി ഹരിതകേരളം മിഷൻ, ആരോഗ്യപരിപാലന മേഖലയ്ക്കായി ആർദ്രം മിഷൻ, വിദ്യാഭ്യാസമേഖലയ്ക്കായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, പാർപ്പിട മേഖലയ്ക്കായി ലൈഫ് മിഷൻ എന്നിവയാണവ.

### 2. LIFE മിഷൻ - സമ്പൂർണ്ണ ഭവന പദ്ധതി

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യർക്ക് ഏറ്റവുംപ്രധാനമായ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. വെയിലും മഴയുമേല്ക്കാതെ കഴിഞ്ഞുകൂടാനുള്ള ഒരു സങ്കേതം മാത്രമല്ല, സമൂഹത്തിന്റെ പുരോഗതിക്കും സുരക്ഷിതമായ നിലനിൽപ്പിനുമായി ക്രിയാത്മകഇടപെടൽ നടത്താനാകുന്ന നല്ല പൗരജനങ്ങളായി നമ്മുടെ ജനതയെ നിലനിർത്താൻ സഹായിക്കുന്ന അടിസ്ഥാന സാമൂഹികഘടകം കൂടിയാണ് വീടുകൾ. അതുകൊണ്ടുതന്നെ എല്ലാവർക്കും

സുരക്ഷിതമായ വീടുകളുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ട്. എന്നാൽ എല്ലാവർക്കും സുരക്ഷിതമായും നിർഭയമായും ജീവിക്കാനാകുന്ന വീടുകളുണ്ടെന്ന് ഉറപ്പാക്കുകയെന്നത് നമുക്ക് എത്തിപ്പിടിക്കാനാകാത്ത ലക്ഷ്യമായി ഇപ്പോഴുംതുടരുന്നു. ഭവനരഹിതരായ ലക്ഷക്കണക്കിനു പൗരജനങ്ങളുടെ പ്രശ്നം പരിഹരിക്കാതെ പുരോഗതിയിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രയാണം ഒരിക്കലും പൂർണ്ണത നേടുകയില്ല അതുകൊണ്ടുതന്നെ ഭവനരഹിതരില്ലാത്ത കേരളം എന്ന ലക് ഷ്യം മുൻനിർത്തിയുള്ള സമഗ്രപരിപാടിയായ LIFE മിഷൻ പ്രവർത്തനത്തിന് സംസ്ഥാനത്തിന്റെ വികസനരംഗത്ത് പ്രത്യേക പ്രാധാന്യമുണ്ട്. കേരളത്തിന്റെ പാർപ്പിടരംഗം നേരിടുന്ന പ്രശ്നങ്ങൾ ബഹുമുഖമാണ്. അവശരിയായി വിലയിരുത്തുകയും ഓരോ പ്രശ്നങ്ങൾക്കും തനതായ പരിഹാരനടപടികൾ രൂപപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തന പദ്ധതിയായാണ് LIFE മിഷൻവിഭാവനചെയ്യപ്പെട്ടിട്ടുള്ളത്.

## 3. പൊതുസമീപനം

LIFE സമ്പൂർണ്ണ ഭവന പദ്ധതി ഏകമാനമായ ഒരു ഭവന നിർമ്മാണസ്കീമല്ലെന്നതാണ് ഈമിഷൻസമീപനത്തിന്റെ ആദ്യ സവിശേഷത. ഇത് പാർപ്പിടമേഖലയിൽ കേരളം അഭിമുഖീകരിക്കുന്ന ബഹുമുഖവും സമ്മിശ്രവുമായ പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടെയും ആധുനിക സാങ്കേതികവിദ്യകളുടെ പിന്തുണയോടെയും പരിഹാരം കാണാനുള്ള സമഗ്ര പദ്ധതിയാണ്.

സംസ്ഥാനത്തെ ഭവനരഹിത വിഭാഗങ്ങളെ മുഖ്യമായും നാലായി തിരിക്കാം-

1. പണി പൂർത്തീകരിക്കാത്ത വീടുകൾ:- സ്വന്തമായി ഭൂമിയുള്ളവരും വീടിനായി ഏതെങ്കിലുമൊരു സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായവരുമാണ് ഈ വിഭാഗം. ലഭ്യമായ ധനസഹായം (പല കാരണങ്ങളാലും) ആവശ്യത്തിനു തികയാത്തതിനാൽ വീട്ടുപണി പൂർത്തിയാക്കാൻ കഴിയാതെ ഭവനരഹിതരായി തുടരുന്നവരാണ് ഇവർ.

2. വാസയോഗ്യമല്ലാത്ത വീടുകൾ :- ലക്ഷംവീട് പദ്ധതി പോലെയുള്ള മുൻകാല സർക്കാർ പദ്ധതികളുടെ ഭാഗമായി വീടുലഭിച്ചവരും, എന്നാലിന്ന് കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതായ ആ വീടുകളിൽ,സ്വന്തമായി വീട്ടു പുനരുദ്ധാരണം നടത്താൻ സാമ്പത്തിക ശേഷിയില്ലാത്തതിനാൽ നിസ്സഹായരായി കഴിയുന്നവരുമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക.

3. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ :- സ്വന്തമായി ഭൂമിയുള്ളവരും സർക്കാർ ധനസഹായം ലഭ്യമായാൽ ബാക്കി തുക വായ്പയായോ ലഭ്യമാക്കിക്കൊണ്ട് സ്വന്തമായി വീടുവയ്ക്കാൻ കഴിയുന്നവരുമാണ് മൂന്നാമത്തെ വിഭാഗം.

4. ഭൂരഹിതഭവനരഹിതർ :- സ്വന്തമായി ഭൂമിപോലും ഇല്ലാതെ വാടകവീടുകളിലോ പുറമ്പോക്ക് പ്രദേശങ്ങളിലെ അനധികൃത കുടിലുകളിലോ, തുറസ്സായ സ്ഥലങ്ങളിലോ കഴിയുന്നവരാണ് നാലാമത്തെ വിഭാഗം. ഇവരിൽ ഒരു വിഭാഗം ഉപജീവനതൊഴിലിനായി മറ്റൊരിടത്തേക്ക് മാറാൻ ബുദ്ധിമുട്ടില്ലാത്തവരാണ്.

എന്നാൽ മറ്റൊരു വിഭാഗം സ്വന്തമായി ഭൂമി ഇല്ലാത്തവരെങ്കിലും മറ്റൊരിടത്തേക്ക് മാറിതാമസിക്കാനാകാത്തവിധം സവിശേഷ ഉപജീവന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തോട്ടം തൊഴിലാളികൾ, മത്സ്യബന്ധന തൊഴിലാളികൾ, ആദിവാസികൾ തുടങ്ങിയവരാണ്.

മേൽപ്പറഞ്ഞ ഓരോ വിഭാഗവും നേരിടുന്ന പ്രശ്നത്തിന്റെ സ്വഭാവം വ്യത്യസ്തമാണെന്നത് ഉൾക്കൊണ്ടുള്ള ബഹുമുഖ പരിഹാരപ്രവർത്തനങ്ങൾ കോർത്തിണക്കിയ പ്രവർത്തന പരിപാടിയാണ് LIFE സമ്പൂർണ്ണ ഭവന പദ്ധതി. മേൽപ്പറഞ്ഞവരിൽ പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന വിഭാഗമാണ് ഭൂരഹിത ഭവനരഹിതർ. ആകെ ഭവനരഹിതരിൽ പകുതിയോളവും ഉൾപ്പെടുന്ന ഇവർക്കായി വീടുവയ്ക്കാനുള്ള സ്ഥലവും കൂടി സർക്കാർ കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ മുൻകാല ഭവനവത്ക്കരണ പദ്ധതികളിൽ താരതമ്യേന കുറഞ്ഞ പരിഗണനമാത്രം ലഭിച്ചിട്ടുള്ള വിഭാഗമാണിത്. കേരളത്തിലെ സ്ഥല ലഭ്യതയുടെ കുറവ് തന്നെയാണ് ഇവരുടെ പ്രശ്നപരിഹാരം ദുർവ്വഹമാക്കുന്ന ഒന്നാമത്തെ ഘടകം. ഈ സ്ഥലം എവിടെയെങ്കിലും കണ്ടെത്തിയാൽ പോര എന്നതാണ് രണ്ടാമത്തെ പ്രശ്നം. ജീവിതോപാധിയായ തൊഴിലുകളിൽ ഏർപ്പെടുന്നതിനു കൂടി സഹായകമായ സ്ഥലത്താകണം വീട്. അല്ലാത്തപക്ഷം വൈകാതെ സർക്കാർ നൽകിയ വീട് ഉപേക്ഷിച്ച് പണികിട്ടുന്ന പ്രദേശത്തേക്ക് നീങ്ങാൻ അവർ നിർബന്ധിതരാകും. കുടുംബാംഗങ്ങൾക്ക് രോഗമോ അപകടമോ നേരിടുക മക്കളുടെ വിവാഹത്തിനും മറ്റുമായി പണം കണ്ടെത്തേണ്ടി വരിക തുടങ്ങിയ സാഹചര്യങ്ങളിൽ കൈവശമുള്ള ഏക സമ്പത്തായ വീടും ഭൂമിയും വിറ്റുപോയി അവർ വീണ്ടും ഭവനരഹിതരാകാനും സാദ്ധത ഏറെയാണ്. അതായത് ഭൂരഹിത-ഭവനരഹിത വിഭാഗങ്ങൾക്ക് തൊഴിലും അടിയന്തിര ആവശ്യങ്ങൾ നേരിടാൻ ക്ഷേമപദ്ധതികളുടെ കൈതാങ്ങും കൂടി ഉറപ്പാക്കാനായില്ലെങ്കിൽ പൂർണ്ണപ്രശ്നപരിഹാരം കൈവരിക്കാനാകില്ല.

ഈ സാഹചര്യം സമഗ്രമായി ഉൾക്കൊള്ളുന്ന പരിഹാരസമീപനമാണ് LIFE സമ്പൂർണ്ണ ഭവന പദ്ധതിയുടെ മറ്റൊരു സവിശേഷത. LIFE എന്ന ചുരുക്കെഴുത്തിനാൽ പ്രതിനിധീകരിക്കപ്പെടുന്ന Livelihood (ഉപജീവനമാർഗ്ഗം), Inclusion (ഉൾച്ചേർക്കൽ), Financial Empowerment (സാമ്പത്തിക ശാക്തീകരണം) എന്നിവ ഭവന പദ്ധതിയോടൊപ്പം ചേർത്തിണക്കിയിരിക്കുന്നു എന്നതു തന്നെയാണ് LIFE സമ്പൂർണ്ണ ഭവന പദ്ധതിയെ ഒരു പാർപ്പിട നിർമ്മാണ സ്കീം എന്നതിനുപരിയായി ഒരു സമഗ്ര വികസനപദ്ധതിയാക്കി മാറ്റുന്ന ഘടകം.

സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ നേരിടുന്ന വിഭാഗങ്ങൾക്കായി നിലവിൽ നടപ്പാക്കപ്പെടുന്ന ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവരിലേക്ക് പൂർണ്ണമായും എത്തുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. ക്ഷേമപദ്ധതികൾ എത്രത്തോളം യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് എത്തുന്നുവെന്നോ, അവരുടെ ജീവിതഗുണമേന്മ ഉയർത്താൻ അത് സഹായകമാകുന്നുണ്ടോയെന്നോ, ഉണ്ടെങ്കിൽ തന്നെ അത് എത്രത്തോളമെന്നുമുള്ള വിലയിരുത്തലുകളും സാദ്ധ്യമാകുന്നില്ല. ക്ഷേമപദ്ധതികളുടെ കൈത്താങ്ങ് ആവശ്യമായ വിഭാഗങ്ങൾ ഏറ്റവും വിഭവദരിദ്രമായ ഇടങ്ങളിലായി ചിതറിക്കിടക്കുകയും സാമൂഹിക

ജീവിതത്തിന്റെ ഓരങ്ങളിലായി ഒതുക്കപ്പെട്ടിരിക്കുകയുമാണ് എന്നതുതന്നെയാണ് ഈ സ്ഥിതിക്കു കാരണം.

ഇതിനു മാറ്റമുണ്ടാകണമെങ്കിൽ പിന്നോക്ക-അവശവിഭാഗങ്ങൾക്ക് യാത്രാസൗകര്യം പോലും കുറഞ്ഞ, ഒറ്റപ്പെട്ടതും ദരിദ്രവുമായ ഏതെങ്കിലുമിടത്ത് ഭൂമിനൽകി മറന്നുകളയുന്ന രീതിക്കു പകരം, അവരെ സമൂഹത്തിന്റെയും പ്രാദേശിക സർക്കാരുകളുടെയും തുടർച്ചയായ ശ്രദ്ധയും കരുതലും ഉറപ്പാക്കാനാകുന്ന വിധം ഒന്നിച്ചു കൊണ്ടുവരേണ്ടതുണ്ട്. സാമൂഹിക സുരക്ഷാ എൻടൈറ്റിൽമെന്റുകൾ, സർക്കാർതല ക്ഷേമപദ്ധതികൾ, പൊതുവിതരണ സംവിധാനം, BPL കാർഡ്, സർക്കാർതല തിരിച്ചറിയൽ രേഖകൾ, ഇൻഷുറൻസ് പരിരക്ഷ (രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന), പൊതു വിദ്യാഭ്യാസ- പൊതു ആരോഗ്യസംരക്ഷണ സംവിധാനങ്ങളിലെ മുൻഗണന തുടങ്ങിയവയൊക്കെ അവർക്ക് ലഭ്യമാക്കുന്നതിനും ഈ സേവനങ്ങൾ ഗുണമേന്മ ചോരാതെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് എത്തുന്നുവെന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിനും, ഇവരുടെ പുനരധിവാസം ക്ലസ്റ്ററുകളോ ഭവനസമുച്ചയങ്ങളോ ആയി നടപ്പാക്കുന്നതിലൂടെ സാദ്ധ്യമാകും. തൊഴിലെടുത്ത് സ്വന്തംനിലയിൽ ജീവിക്കാൻ അവർക്കു സാഹചര്യം ലഭിക്കുന്നതിനായി, പരമാവധി നഗരങ്ങളിലോ നഗരപ്രാന്ത പ്രദേശങ്ങളിലോ തന്നെ ഇതിനുള്ള സ്ഥലം കണ്ടെത്തുകയും വേണം.

ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിന് ഇത്തരമൊരു നവീന സമീപനം സ്വീകരിക്കുന്നതിലൂടെ മേൽപ്പറഞ്ഞ ക്ഷേമപദ്ധതികൾക്കും സേവനങ്ങൾക്കും പുറമേ, പ്രാദേശിക സഹകരണ ബാങ്കുമായി ചേർന്ന് നിക്ഷേപസൗഹൃദ മനോഭാവം വളർത്തുന്ന പദ്ധതികൾ, വരുമാനത്തിൽ ഒരുഭാഗം നിക്ഷേപമായി സൂക്ഷിക്കാൻ പ്രേരിപ്പിക്കുന്ന ബോധവത്കരണം, മൈക്രോ ഫിനാൻസ് ഓപ്ഷൻ (കുടുംബശ്രീ വഴി), തൊഴിൽ പരിശീലനം, സ്വയം തൊഴിലുകൾ സ്വീകരിക്കാനുള്ള സഹായങ്ങൾ, നൈപുണ്യവികസന പരിപാടികൾ, വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താനും മികച്ച കഴിവുള്ളവരെ അവരുടെ കഴിവിന് അനുസരിച്ചുള്ള ഉന്നതപഠന മേഖലകളിലേക്ക് നയിക്കാനും കഴിയുന്ന പരിശീലനങ്ങൾ തുടങ്ങിയവയൊക്കെ കേന്ദ്രീകൃതമായി നടപ്പാക്കുന്നതിനുള്ള സാദ്ധ്യതയും തുറന്നുകിട്ടും. അതിലൂടെ ഈ വിഭാഗത്തെ ഇന്നത്തെ പിന്നോക്കാവസ്ഥയിൽ നിന്നും ക്രമേണ മോചിതരാക്കാനാകുമെന്നതോടൊപ്പം പുതുതായി രൂപപ്പെടുന്ന ഈ തൊഴിൽസേനയുടെ ഗുണമേന്മയുള്ള സേവനം ചുറ്റുമുള്ള സമൂഹത്തിന് പ്രയോജനപ്പെടുകയും പ്രാദേശിക സാമ്പത്തിക വ്യാപാരങ്ങളിൽ നേട്ടമുണ്ടാക്കുകയും ചെയ്യും. ബഹുനില ഭവനസമുച്ചയങ്ങൾ ഇന്നു കേരളീയർക്ക് അപരിചിതമല്ല. മൂന്നുസെന്റ് ഭൂമി വച്ച് കണക്കാക്കിയാൽ പോലും രണ്ടുലക്ഷം വീടുകൾ നിർമ്മിക്കുന്നതിന് 6000 ഏക്കർ സ്ഥലമാണ് ആവശ്യം. എന്നാൽ ഭൂരഹിത-ഭവനരഹിതർക്കായി മേൽവിവരിച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാകട്ടെ ഇതിന്റെ മൂന്നിലൊന്നിൽ താഴെ ഭൂമി മതിയാകും. അതായത് LIFE മിഷൻ സ്വീകരിച്ചിട്ടുള്ള ഈ സമീപനത്തിലൂടെ ഭൂവിഭവത്തിന്റെ ലഭ്യതക്കുറവിനും ഒരളവുവരെ പരിഹാരമാകുന്നതാണ്.

## 4. നിർവ്വഹണ സംവിധാനം

### സംസ്ഥാനതലം

സംസ്ഥാനതലത്തിൽ LIFE മിഷന്റെ മേൽ നോട്ടം വഹിക്കുന്നതും മാർഗ്ഗ നിർദ്ദേശം നൽകുന്നതും മുഖ്യമന്ത്രി അദ്ധ്യക്ഷനും തദ്ദേശ സ്വയംഭരണവകുപ്പ മന്ത്രി ഉപാദ്ധ്യക്ഷനും തദ്ദേശ സ്വയംഭരണവകുപ്പ പ്രിൻസിപ്പൽ സെക്രട്ടറി മിഷൻ സെക്രട്ടറിയുമായുള്ള മുപ്പതംഗ സംസ്ഥാനതല മിഷൻ ഗ്രൂപ്പാണ്.

തദ്ദേശ സ്വയംഭരണവകുപ്പ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനും LIFE മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൺവീനറുമായുള്ള ഇരുപതംഗ കർമ്മസമിതിയാണ് സംസ്ഥാനതലത്തിൽ LIFE മിഷന് സാങ്കേതിക പിന്തുണ നൽകുന്നത്.

**ജില്ലാ, ബ്ലോക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനതലം**

ജില്ലാ, ബ്ലോക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ എല്ലാ മിഷനുകൾക്കുമായി പൊതുവായ മിഷൻ ഗ്രൂപ്പുകളാണ് പ്രവർത്തിക്കുക. ജില്ലാതലത്തിൽ LIFE മിഷന് സാങ്കേതിക പിന്തുണ നൽകുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഇരുപതംഗ കർമ്മസമിതി പ്രവർത്തിക്കും. ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടറായിരിക്കും ജില്ലാതല കർമ്മസമിതിയുടെ കൺവീനർ. ഗ്രാമ/ബ്ലോക്ക്/ ജില്ലാപ്പഞ്ചായത്ത്/നഗരസഭാതലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ, പാർപ്പിടം ഉൾപ്പെടുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ, പ്രതിപക്ഷ ഗ്രൂപ്പിൽ നിന്നും നിർദ്ദേശിക്കപ്പെടുന്ന ഒരംഗം, സെക്രട്ടറി, എൽ.എസ്.ജി. എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന സമിതി LIFE മിഷന്റെ തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മസമിതികളായിരിക്കും.

ഈ വിവിധ സംഘടനാ സംവിധാനങ്ങളുടെ ഘടനയും ചുമതലകളും ഉത്തരവാദിത്വങ്ങളും 19.04.2017 ലെ സ.ഉ(പി)നം 10/2017/ആ.സാ.വ എന്ന സർക്കാരുത്തരവ് പ്രകാരം വിശദമാക്കിയിട്ടുണ്ട്.

**മേൽനോട്ടവും ഗുണനിലവാര പരിശോധനയും**

മാർഗ്ഗനിർദ്ദേശക-നിർവ്വഹണ സംവിധാനങ്ങൾക്കു പുറമേ സംസ്ഥാനത്ത് സിവിൽ എഞ്ചിനീയറിങ്ങ് വിഭാഗമുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ LIFE മിഷന്റെ ഭാഗമായ സാങ്കേതിക-നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഗുണനിലവാര പരിശോധനയും നടത്തുന്നതിനുള്ള തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസിയായി (TPTA) നിശ്ചയിച്ചിട്ടുണ്ട്.

LIFE മിഷൻ ഗ്രൂപ്പും കർമ്മസമിതിയും ചിട്ടപ്പെടുത്തിയിട്ടുള്ള പൊതു പ്രവർത്തന പരിപാടികളുള്ളിൽ നിന്ന് സമ്പൂർണ്ണ ഭവനപദ്ധതിയുടെ ഫീൽഡുതല നിർവ്വഹണം നടത്തേണ്ടത് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലുമുള്ള LIFE മിഷൻ കർമ്മസമിതികളാണ് ഇതിനു ക്രിയാത്മകനേതൃത്വം നൽകേണ്ടത്. ഇക്കാര്യത്തിലുണ്ടാവേണ്ട കാഴ്ചപ്പാടും പാലിക്കപ്പെടേണ്ട നടപടികളും വിശദമാക്കാനാണ് ഈ മാർഗ്ഗരേഖ ആവിഷ്കരിച്ചിരിക്കുന്നത്.

## 5. പ്രവർത്തന പരിപാടി

പൊതുവായിപ്പറഞ്ഞാൽ, ഗുണഭോക്താക്കളെ നീതിയുക്തമായും പരാതിരഹിതമായും കണ്ടെത്തുക, മേൽപ്പറഞ്ഞ നാലു വിഭാഗങ്ങളിലായി ഗുണഭോക്താക്കളുടെ മുൻഗണനാ ക്രമത്തിലുള്ള പട്ടിക തയ്യാറാക്കി അംഗീകരിക്കുക, ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിന് ആവശ്യമായ ഭൂമി സ്വന്തമായോ അയൽ തദ്ദേശഭരണസ്ഥാപനങ്ങളുമായി കൂട്ടുചേർന്നോ കണ്ടെത്തുക,അധിക വിഭവസമാഹരണം നടത്തുക, അതതു ഗുണഭോക്തൃവിഭാഗങ്ങൾക്ക് അനുയോജ്യമായ സ്കീമുകളിലായി പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുക, നിർമ്മാണ പ്രവർത്തനങ്ങളിൽ സാങ്കേതിക മേൽനോട്ടവും ഗുണമേന്മാപരിശോധനയും ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയും നിയന്ത്രണവും ഉറപ്പാക്കപ്പെടേണ്ടത്.

## 5.1. ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ

LIFE മിഷന്റെ പ്രവർത്തനപരിപാടിയിലെ പ്രാഥമികവും സുപ്രധാനവുമായ ഘടകംഗുണഭോക്താക്കളെ കണ്ടെത്തുകയും അവരുടെ വിശദാംശങ്ങൾ ശേഖരിക്കുകയും മുൻഗണനകൾ നിശ്ചയിക്കുകയുമാണ്.ഭൂമിയുള്ള ഭവനരഹിതരുടെയും, ഭൂരഹിത ഭവനരഹിതരുടെയും എണ്ണം കണ്ടെത്തുന്നതിനുള്ള വിവരശേഖരണം കുടുംബശ്രീയുടെ ഉത്തരവാദിത്തത്തിൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ സർവ്വേ നടത്തിത്തയ്യാറാക്കിയ ഭവനരഹിതരുടെ പട്ടിക കമ്പ്യൂട്ടറൈസ് ചെയ്ത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ അപാകതയില്ല എന്ന് പരിശോധിച്ച് ഉറപ്പാക്കപ്പെടേണ്ടതാണ്. ഇതിനു പുറമേ പൂർത്തിയാകാത്തതോ വാസയോഗ്യമല്ലാത്തതോ ആയ വീടുകളുള്ള കുടുംബങ്ങളുടെ പട്ടിക കൂടി തയ്യാറാക്കേണ്ടതുമാണ്. ഇതു രണ്ടും നടത്തേണ്ടത് തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതിയാണ്. LIFE മിഷന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനതല കർമ്മസമിതി വിളിച്ചു ചേർത്ത് ഇതിനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തുമ്പോൾ തന്നെ, അതിൽ ഏറെ ക്ലേശമനുഭവിക്കുന്നവർക്ക് വേഗത്തിൽ സഹായമെത്തിക്കുകയെന്ന ലക്ഷ്യം കൂടി ഉൾച്ചേർന്നിരിക്കുന്നു. അതിനാൽ ഭവനരഹിതരെ പട്ടികപ്പെടുത്തുമ്പോൾ അവർ നേരിടുന്ന ദുരവസ്ഥയുടെ ഏറ്റക്കുറച്ചിലുകൾ കൂടി പരിശോധിക്കുകയും രേഖപ്പെടുത്തുകയും ആവശ്യമാണ്. താഴെപ്പറയുന്ന ഒമ്പതു ക്ലേശഘടകങ്ങളാണ് ഈ പരിശോധനയ്ക്കായി നിശ്ചയിച്ചിട്ടുള്ളത്.

(i) മാനസികവെല്ലുവിളി നേരിടുന്നവരോ, അന്ധരോ, ശാരീരികത്തളർച്ച ബാധിച്ചവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങൾ

(ii) അഗതികൾ

(iii) 40%-ത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

(iv) ഭിന്നലിംഗക്കാർ

(v) ഗുരുതര/മാരകരോഗമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

(vi) അവിവാഹിതരായ അമ്മമാർ കുടുംബനാഥയായ കുടുംബങ്ങൾ

(vii) രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ

(viii) വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ (25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണിക്കേണ്ടതില്ല)

(ix) HIV ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

അനർഹരായവർ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നത് തദ്ദേശവികസനത്തിനുള്ള വിലപ്പെട്ട ഭൗമ-സാമ്പത്തിക വിഭവങ്ങളുടെ ദുരുപയോഗവും, അർഹരായവർ ഉൾപ്പെടാതെ പോകുന്നത് സാമൂഹിക നീതിനിഷേധവുമാണെന്നതിനാൽ രണ്ടും ഒരേപോലെ ഒഴിവാക്കപ്പെടേണ്ടതാണ്.

### 5.1.1. ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും പട്ടിക

ഭൂമിയുണ്ടെങ്കിലും സ്വന്തമായി വീടില്ലാത്തവരും, വീടും ഭൂമിയും സ്വന്തമായില്ലാത്തവരും, വീടും ഭൂമിയും പാരമ്പര്യസ്വത്തായി ലഭിക്കാനിടയില്ലാത്തവരുമായ കുടുംബങ്ങളുടെ ലിസ്റ്റാണ് കുടുംബശ്രീ സർവ്വേയിലൂടെ തയ്യാറാക്കപ്പെട്ടത്. ഇതിൽ ഒരു റേഷൻ കാർഡിൽ പേരുള്ളവരെയാണ് ഒരേ കുടുംബമെന്ന് വിവക്ഷിച്ചിട്ടുള്ളത്. ഒരു റേഷൻ കാർഡിൽ പേരുള്ളവരിൽ ആർക്കെങ്കിലും സ്വന്തമായി ഭവനമുള്ള പക്ഷം, പ്രസ്തുത റേഷൻ കാർഡിൽ പേരുള്ള ആരേയും ഗുണഭോക്താവായി പരിഗണിക്കുന്നതല്ല.

- കുടുംബശ്രീ തയ്യാറാക്കി നൽകുന്ന ഭൂമിയുള്ള ഭവനരഹിതരുടെയും (ഫോറം എയും, ഫോറം സിയും), ഭൂരഹിത ഭവനരഹിതരുടെയും (ഫോറം ബിയും, ഫോറം ഡിയും) ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനതലത്തിലെ ഫീൽഡുതല ജീവനക്കാർ മുഖാന്തിരം വെരിഫിക്കേഷൻ നടത്തി പുതുക്കിയ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിച്ച്, ഒഴിവാക്കപ്പെട്ടുപോയ അർഹരായവർക്ക് പേരു ചേർക്കാനുള്ള അപ്പീൽ (തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക്) സമർപ്പിക്കാൻ സമയം അനുവദിക്കേണ്ടതാണ്. ഇത് എല്ലാവരിലും വിവരമെത്തുന്ന വിധത്തിലുള്ള പബ്ലിസിറ്റി നൽകിത്തന്നെ നടപ്പാക്കേണ്ടതാണ് ലഭിക്കുന്ന അപേക്ഷകളുടെ നിജസ്ഥിതി പരിശോധിച്ച് അർഹരായവരെ ലിസ്റ്റിൽ കൂട്ടിച്ചേർക്കേണ്ടതാണ്.

  കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ചും, അപ്പീൽ സ്വീകരിക്കുന്നതും ആയത് പരിശോധിച്ചു തീർപ്പാക്കുന്നതു സംബന്ധിച്ചുമുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ **അനുബന്ധം 1** ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

  അപ്പീലുകൾ ക്ഷണിക്കുന്നതിനും ഗുണഭോക്തൃപ്പട്ടിക ഗ്രാമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുന്നോടിയായി ആവശ്യമായ പബ്ലിസിറ്റിയും ബഹുജനപങ്കാളിത്തവും ഉറപ്പാക്കുന്നതിനായി **അനുബന്ധം 2-**

ൽ വിശദമാക്കിയ പ്രകാരമുള്ള വിവിധ പ്രചരണ-അവബോധന പ്രവർത്തന ങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതാണ്.

### 5.1.2. പൂർത്തിയാകാത്തതോ വാസയോഗ്യമല്ലാത്തതോ ആയ വീടുകളുടെ പട്ടിക

മുൻകാല ഭവനപദ്ധതികളിൽ ധനസഹായം വാങ്ങി നിർമ്മാണം തുടങ്ങിയെങ്കിലും പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിനും നിർധന വിഭാഗങ്ങളുടെ വാസയോഗ്യമല്ലാതായ വീടുകളുടെ പുനരുദ്ധാരണത്തിനുമുള്ള ഗുണഭോക്തൃപട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് തയ്യാറാക്കേണ്ടത്. ഇതിൽ ആദ്യത്തേത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുൻകാല ഭവനപദ്ധതി രേഖകളിൽ നിന്നും തയ്യാറാക്കി ഫീൽഡുതല ജീവനക്കാർ മുഖാന്തിരം പരിശോധിച്ച് തൽസ്ഥിതി ഉറപ്പുവരുത്തി പട്ടികയാക്കേണ്ടതാണ്. ഭവനപൂർത്തീകരണത്തിന് നൽകുന്ന ധനസഹായത്തെ സംബന്ധിച്ച വിശദമായ നിർദ്ദേശം പ്രത്യേകം നൽകുന്നതാണ്.

നിർധന വിഭാഗങ്ങളുടെ വാസയോഗ്യമല്ലാതായ വീടുകളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പബ്ലിസിറ്റിയോടെ അപേക്ഷ ക്ഷണിച്ച് പ്രാഥമിക പട്ടിക തയ്യാറാക്കുകയും അവ ഓരോന്നുംടിപിടിഎയിലെ സാങ്കേതികവിദഗ്ധർ മുഖാന്തിരം പരിശോധിച്ച് പുനരുദ്ധാരണ സാദ്ധ്യമാണോ എന്ന് കണ്ടെത്തുകയും വേണം. പുനരുദ്ധാരണ സാദ്ധ്യമായവയുടെയും പുനരുദ്ധാരണ സാദ്ധ്യമല്ലാത്തവയുടെയും (അവ പൂർണ്ണമായും പൊളിച്ചു പണിയണമെന്നതിനാൽ) വെവ്വേറെ പട്ടികകളായി ഗുണഭോക്തൃപ്പട്ടിക തയ്യാറാക്കുകയും വേണം.

ഈ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ താഴെപ്പറയുന്ന നാല് പ്രാഥമികഗുണഭോക്തൃ പട്ടികകളാണ് ലഭ്യമാകുക

1. വാസയോഗ്യമല്ലാതായ വീടുകളുള്ള നിർധനകുടുംബങ്ങളുടെ പട്ടികകൾ- പുനരുദ്ധാരണ സാദ്ധ്യമായവയും അല്ലാത്തവയും,
2. പണി പൂർത്തിയാകാത്ത വീടുകളുള്ള കുടുംബങ്ങളുടെ പട്ടിക,
3. സ്വന്തമായി ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങളുടെ പട്ടിക,
4. ഭൂരഹിത-ഭവനരഹിത കുടുംബങ്ങളുടെ പട്ടിക

## 5.2. ഗുണഭോക്തൃ മുൻഗണനാനിർണ്ണയം

ഭവനരഹിതരെ പട്ടികപ്പെടുത്തുമ്പോൾ അതോടൊപ്പം രേഖപ്പെടുത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പരിശോധിച്ച് ഉറപ്പാക്കുകയും ചെയ്തിട്ടുള്ള ക്ലേശഘടകങ്ങളുടെ തീവ്രതയ്ക്കനുസരിച്ച് ഗുണഭോക്തൃ കുടുംബങ്ങളെ റാങ്ക

ചെയ്തുക്രമപ്പെടുത്തിയെടുക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള LIFE മിഷൻ കർമ്മസമിതിയാണ് ഇത് തയ്യാറാക്കേണ്ടത്. ഇങ്ങനെ ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതോടൊപ്പം നിലവിൽ ഭവനരഹിതരെങ്കിലും സ്വന്തമായൊരു വീടു വയ്ക്കാൻ സർക്കാരിന്റെയോ പൊതുസമൂഹത്തിന്റെയോ കൈത്താങ്ങ് ആവശ്യമില്ലാത്തവരെ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് ഇതിന് അടിസ്ഥാനമാക്കാവുന്നത്.

- ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.

- സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- വാർഷിക വരുമാനം മൂന്നു ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- ഗ്രാമപ്പഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികവർഗ്ഗത്തിന് ബാധകമല്ല)

- ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

മേൽപ്പറഞ്ഞ മുൻഗണനാ നിബന്ധനകളും ഒഴിവാക്കൽ നിബന്ധനകളും ഗുണഭോക്തൃപട്ടികയോടൊപ്പം പ്രസിദ്ധപ്പെടുത്തുകയും ഗ്രാമസഭായോഗത്തിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ സർക്കാർ വീടുനൽകേണ്ടതില്ലാത്തവരെ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും മറ്റുള്ളവരെ മുൻഗണനാക്രമത്തിൽ പുനഃക്രമീകരിക്കുകയും ചെയ്യുമ്പോൾ അത് കർമ്മസമിതിയുടെ വസ്തുനിഷ്ഠമായ തീരുമാനങ്ങളായിരിക്കേണ്ടതാണ്. ഒരു വിധത്തിലുമുള്ള സ്വജനപക്ഷപാതമോ അഴിമതിയോ കടന്നുകൂടുന്നില്ലയെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രാഥമിക പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് അഥവാ മുൻഗണന നൽകുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡം /മാനദണ്ഡങ്ങൾ സുതാര്യതയോടെ രേഖപ്പെടുത്തുകയും മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയ നാലു ഗുണഭോക്തൃ പട്ടികകളോടൊപ്പം അത് തദ്ദേശ സ്വയംഭരണ സ്ഥാപനസെക്രട്ടറിക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

തുടർന്ന് മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയനാല്വ ഗുണഭോക്തൃ പട്ടികകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം നേടിക്കൊണ്ട് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുള്ള LIFE മിഷന് ലഭ്യമാക്കേണ്ടതാണ്.

വാസയോഗ്യമല്ലാതായ വീട്ടുകളുള്ള നിർധനകുടുംബങ്ങളുടെ പട്ടികയും (പുനരുദ്ധാരണ സാദ്ധ്യമായവയും അല്ലാത്തവയും), പണി പൂർത്തിയാകാത്ത വീട്ടുകളുള്ള കുടുംബങ്ങളുടെ പട്ടികയും സ്വയംഭരണ സ്ഥാപന ഭരണസമിതിഅംഗീകരിക്കുന്നതിനു പിന്നാലെ തന്നെതുടർനടപടി സ്വീകരിക്കേണ്ടതാണ്.

LIFE മിഷൻ പ്രവർത്തനത്തിന്റെ അടിസ്ഥാന രേഖയായ ഈ നാല്വ ഗുണഭോക്തൃ പട്ടികകളും രേഖാമൂലം അംഗീകരിച്ച് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ജില്ലാ-സംസ്ഥാന തലങ്ങളിലുള്ള മിഷൻ ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഗുണഭോക്തൃ പട്ടിക അന്തിമമാകുമ്പോൾ, ഇവരുടെ കുടുംബഫോട്ടോ എടുക്കേണ്ടതും ആയത് ഗുണഭോക്തൃപട്ടികയോടൊപ്പം പ്രസിദ്ധീകരിക്കേണ്ടതും വെബ്സൈറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. LIFE മിഷൻ പദ്ധതിയുടെ ഭാഗമായി തുടർന്ന് ഏറ്റെടുക്കുന്ന എല്ലാ നിർവ്വഹണ പരിപാടികളുടെയും ധനവിനിയോഗത്തിന്റെയും അടിസ്ഥാന വിശകലനരേഖയും പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തലിനുള്ള ചട്ടക്കൂടും ഈ ഗുണഭോക്തൃപട്ടികകളായിരിക്കേണ്ടതാണ്.

## 5.3. തദ്ദേശ സ്വയംഭരണ സ്ഥാപനതല LIFE ഭവനവത്ക്കരണ പദ്ധതി

അന്തിമമാക്കിയ ഗുണഭോക്തൃ പട്ടികയെ അടിസ്ഥാനമാക്കിയും എല്ലാവർക്കും മാന്യവും സുരക്ഷിതവുമായ വീട് എന്ന അന്തിമലക്ഷ്യം 2021-ഓടെ പൂർണ്ണമായി കൈവരിക്കുക എന്ന ലക്ഷ്യത്തോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള സമഗ്ര നിർവ്വഹണ പദ്ധതി തയ്യാറാക്കുകയാണ് അടുത്തപ്രവർത്തനഘടകം.
അന്തിമ ഭവനരഹിത ഗുണഭോക്തൃപട്ടികകളിൽ ആദ്യ മൂന്നു വിഭാഗങ്ങളുടെ (1.വാസയോഗ്യമല്ലാതായ വീട്ടുകളുള്ള നിർധനവിഭാഗ കുടുംബങ്ങൾ, 2.പണി പൂർത്തിയാകാത്ത വീട്ടുകളുള്ള കുടുംബങ്ങൾ, 3.സ്വന്തമായി ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങൾ) ഭവനവത്ക്കരണത്തിനുള്ള സമഗ്ര നിർവ്വഹണ പദ്ധതി,LIFE മിഷന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള കർമ്മസേനയാണ് തയ്യാറാക്കേണ്ടത്. കർമ്മസേനയ്ക്ക് ആവശ്യമായ സാങ്കേതിക പിന്തുണ ലഭിക്കുന്നതിന് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസിയായി (TPTA) നിശ്ചയിച്ചിട്ടുള്ള സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളെ മുൻകൂട്ടി സജ്ജമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള പ്രവർത്തനക്രമം താഴെപ്പറയുന്ന വിധത്തിലാകേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള LIFE മിഷൻ കർമ്മസേന യുടെയും തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസി(TPTA)യിലെ വിദഗ്ധരുടെയും സംയുക്തയോഗം വിളിച്ചു ചേർക്കുക.
2. അന്തിമ ഭവനരഹിത ഗുണഭോക്തൃപട്ടികകളിൽ ആദ്യ രണ്ടു വിഭാഗങ്ങളുടെ (1.വാസയോഗ്യമല്ലാതായ വീട്ടുകളുള്ള നിർധനവിഭാഗ കുടുംബങ്ങൾ, 2.പണി

പൂർത്തിയാകാത്ത വീടുകളുള്ള കുടുംബങ്ങൾ) പ്രശ്ന പരിഹാരത്തിനായുള്ള അധിക വിവരശേഖരണം എത്രയും വേഗം (ഒന്നോ രണ്ടോ ആഴ്ച്ചകള്ളിൽ തന്നെ) പൂർത്തീകരിക്കാനുള്ള സമയക്രമവും ചുമതലക്കാരെയും നിശ്ചയിക്കുക.

എ) വാസയോഗ്യമല്ലാതായ വീടുകളുടെ പുനരുദ്ധാരണത്തിന് അഥവാ പൂർണ്ണ പുനർനിർമ്മാണത്തിനുള്ള സാങ്കേതിക രൂപകല്പനയും എസ്റ്റിമേറ്റും അതതു വീടുകൾ സന്ദർശിച്ച തന്നെ തയ്യാറാക്കേണ്ടതാണ്.

ബി) പൂർത്തിയാകാത്ത വീടുകളുടെ കാര്യത്തിൽ അവ ഏതു ഘട്ടം വരെ പൂർത്തിയായിട്ടുണ്ടെന്നും ബാക്കി കൂടി പൂർത്തീകരിച്ച് വാസയോഗ്യമാക്കുന്നതിന് എത്ര തുക വേണ്ടി വരും എന്ന കണക്ക് തയ്യാറാക്കേണ്ടതാണ്.

3. അധിക വിവരശേഖരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് LIFE മിഷൻ കർമ്മസേന യുടെയും തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസി(TPTA)യുടെയും രണ്ടാമത് യോഗം ചേർന്ന് മേൽപ്പറഞ്ഞ സാങ്കേതിക രൂപകല്പനയും എസ്റ്റിമേറ്റുകളും സംയോജിപ്പിച്ച് രണ്ടു വർഷത്തിനുള്ളിൽ പ്രസ്തുത വീടുകളെല്ലാം പൂർത്തീകരിക്കുന്ന തിനുള്ള നടപടിക്രമങ്ങളും അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓരോ വർഷവും നീക്കി വയ്ക്കാനാകുന്ന തുകയും നിർവ്വചിച്ച കൊണ്ടുള്ള നിർവ്വഹണ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

4. മൂന്നാമത്തെ ഗുണഭോക്തൃ വിഭാഗമായ, സ്വന്തമായി ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങൾക്ക് വീടു വയ്ക്കുന്നതിനായി നിർമ്മാണ സാമഗ്രികളുടെ വിലയിലെ ഏകീകരണവും തൊഴിലുറപ്പ് പദ്ധതി വഴിയുള്ള സംയോജനത്തിന്റെ സാധ്യതകളും മറ്റും കൂടി പരിഗണിച്ച് ധനസഹായം യുക്തിപൂർവമായി നിശ്ചയിക്കാൻ ഒരു സാങ്കേതികസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കുന്നതിന് മുമ്പു തന്നെ ഇക്കാര്യത്തിൽ വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കേന്ദ്ര സർക്കാർ പദ്ധതികളും വിവിധ വകുപ്പുകളുടെ പദ്ധതികളും സമന്വയിപ്പിച്ച കൊണ്ട് ഈ വിഭാഗത്തിലുള്ള എല്ലാവർക്കും വരുന്ന നാലു വർഷം കൊണ്ട് വീടു നൽകാനുള്ള നിർവ്വഹണ പദ്ധതിയും LIFE മിഷൻ കർമ്മസേന തയ്യാറാക്കേണ്ടതാണ്.

5. മേൽപ്പറഞ്ഞമൂന്നു നിർവ്വഹണ പദ്ധതികളിലുംഉൾപ്പെടുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ നിർമ്മാണ വസ്തുക്കളിൽ കഴിയുന്നിടത്തോളം പ്രാദേശികമായി ഉത്പാദിപ്പിക്കുന്നതിനും നിർമ്മാണത്തൊഴിലാളികളുടെ ലഭ്യതയും അവരുടെ തൊഴിൽ നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനുമുള്ള ഉപപദ്ധതികളും രൂപീകരിക്കേണ്ടതാണ്.

6. ഈ മൂന്നുഭവനനിർമ്മാണ പദ്ധതികളുടെയും നിർവ്വഹണത്തിന്,വിവിധ വകുപ്പുതല പദ്ധതികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഓരോ വർഷവും നീക്കി വയ്ക്കാനാകുന്ന തുകയ്ക്ക് ഉപരിയായി വേണ്ടി വരുന്ന തുക എത്രയെന്ന് കണക്കാക്കേണ്ടതാണ്.

എ) വാസയോഗ്യമല്ലാതായ വീട്ടുകളുടെ പുനരുദ്ധാരണത്തിന് അഥവാ പൂർണ്ണ പുനർനിർമ്മാണത്തിനുള്ള തുകയും പൂർത്തിയാകാത്തവീട്ടുകളുടെ പൂർത്തീകരണത്തിനുള്ള തുകയും പൂർണ്ണമായി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നുംവിവിധ വകുപ്പുതലപദ്ധതികളിൽ നിന്നും കണ്ടെത്താനാണ് ശ്രമിക്കേണ്ടത്. ആവശ്യമെങ്കിൽ പ്രാദേശിക സംഭാവനകളും സന്നദ്ധ സേവനവും കൂടി ലഭ്യമാക്കാവുന്നതാണ്..

ബി) സ്വന്തമായി ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങൾക്ക് വീട്ട് വയ്ക്കുന്നതിനുള്ള ധനസഹായം പ്രധാനമായും PMAY പോലുള്ള കേന്ദ്രാവിഷ്കൃതപദ്ധതികളിൽ നിന്നോവിവിധ വകുപ്പുതല പദ്ധതികളിൽ നിന്നോ ആണ് കണ്ടെത്തേണ്ടത്. എന്നാൽ ബന്ധപ്പെട്ട സ്കീമിൽ ലഭ്യമാകുന്ന ധനസഹായം LIFE മിഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലും കുറവാണെങ്കിൽ തന്മൂലമുണ്ടാകുന്ന അധികബാധ്യത കണ്ടെത്തുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ തുടർന്ന് പുറപ്പെട്ടുവിക്കുന്നതാണ്. ഇങ്ങനെ അധികമായി ആവശ്യമാകുന്ന തുക വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി സംസ്ഥാന തല LIFE മിഷനു നൽകേണ്ടതാണ്.

7. നാലാമത്തെ ഗുണഭോക്തൃ വിഭാഗമായ ഭൂരഹിത-ഭവനരഹിത കുടുംബങ്ങളുടെ ഭവനനിർമ്മാണത്തോടൊപ്പം അവരുടെ സമഗ്ര പുനരധിവാസവും ഉപജീവനവും സാമ്പത്തികശാക്തീകരണവും കൂടി ഉൾച്ചേർക്കേണ്ടതിനാൽ അത് ജില്ലാതല മിഷന്റെ നേതൃത്വത്തിലുള്ള ചർച്ചകളിലൂടെയാണ് രൂപീകരിക്കേണ്ടത്.

## 5.4. വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം

40 ച.മീ. വിസ്തീർണ്ണമുള്ള ഭവനമാണ് ലൈഫ് പദ്ധതിയിൽ നിർമ്മിക്കേണ്ടത്. എന്നാലിത് 60 ച.മീറ്ററിൽ അധികരിക്കാൻ പാടില്ല.

## 5.5. സ്ഥലലഭ്യത ഉറപ്പാക്കൽ

LIFE മിഷന്റെ നിർവ്വഹണലക്ഷ്യത്തിലുള്ള പ്രധാന ഗുണഭോക്തൃ വിഭാഗമായ ഭൂരഹിത-ഭവനരഹിത കുടുംബങ്ങളുടെപുനരധിവാസത്തിനായി കെട്ടിട നിർമ്മാണയോജ്യമായ ഭൂമി കണ്ടെത്തുകയാണ് അടുത്ത പ്രവർത്തനഘടകം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സ്വന്തം ഉടമസ്ഥതയിലുള്ളതോ മറ്റേതെങ്കിലും സർക്കാർ വകുപ്പിന്റെ കൈവശമുള്ളതെങ്കിലും അവർക്ക് ആവശ്യമില്ലാത്തതോ ആയ ഭൂമിയാണ് ഭവന പദ്ധതിക്കായി കണ്ടെത്താവുന്നത്. ഇങ്ങനെ കണ്ടെത്തുന്ന ഭൂമി തണ്ണീർത്തടങ്ങളോ പാടശേഖരങ്ങളോ നികത്തുന്നതാകരുത്. നിയമാനുസൃതമായും സാങ്കേതികമായും കെട്ടിട നിർമ്മാണത്തിനനുയോജ്യമായ ഭൂമി തന്നെയാകണം. ഇപ്രകാരം കണ്ടെത്തുന്ന ഭൂമിയുടെ വിശദാംശ ലിസ്റ്റ് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാമിഷനു കൈമാറേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് ഒഴികെയുള്ള വകുപ്പുകളുടെ കൈവശത്തിലുള്ള ഭൂമി LIFE ഭവനസമുച്ചയത്തിനായി കൈമാറിക്കിട്ടുന്നതിനുള്ള ഇന്റർ-ഡിപ്പാർട്ട്മെന്റൽ ചർച്ചകൾ, ജില്ലാതല LIFE മിഷൻ കർമ്മസേനയുടെ അദ്ധ്യക്ഷത വഹിക്കുന്ന ജില്ലാ കളക്ടറുടെ ചുമതലയിലാണ് നടത്തേണ്ടത്.

## 5.6. ഭവനസമുച്ചയ സ്ഥാനനിർണ്ണയം

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും തങ്ങളുടെ പ്രദേശത്തെ എല്ലാ ഭൂരഹിത-ഭവനരഹിത കുടുംബങ്ങളുടെയും പുനരധിവാസത്തിന് ആവശ്യമായത്ര ഭൂമി കണ്ടെത്താനാകണമെന്നില്ല. അതുകൊണ്ടുതന്നെ ലഭ്യമാകുന്ന വിലപ്പെട്ട ഭൂമിയുടെ ഉത്തമവിനിയോഗം ഉറപ്പാക്കാവുന്ന വിധത്തിൽ വേണം ഭവനസമുച്ചയ ഗുണഭോക്താക്കളുടെ വിതരണം നിശ്ചയിക്കേണ്ടത്. അതതു തദ്ദേശ സ്വയംഭരണസ്ഥാപനപ്രദേശത്തെ എല്ലാഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും അവിടെ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിൽ വീട് ഉറപ്പാക്കുന്നതോടൊപ്പം, അതിനുപരിയായി ആവശ്യമെങ്കിൽ അടുത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂരഹിത-ഭവനരഹിത കുടുംബങ്ങളിൽ കുറച്ചുപേരെക്കൂടിയും ഉൾക്കൊള്ളാനാകുന്ന ബഹുനില ഭവനസമുച്ചയങ്ങളാണ് ലക്ഷ്യമാക്കേണ്ടത്.

ഇത്തരത്തിൽ ഭൂവിഭവവിനി യോഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അതിരുകൾ മറികടക്കുന്ന ഉത്തമീകരണം (optimisation) സാദ്ധ്യമാക്കുന്നതിന് ജില്ലാമിഷന്റെ പൊതുവായ നേതൃത്വത്തിലും ജില്ലാ മിഷൻ അദ്ധ്യക്ഷനായ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സന്റെയും, ജില്ലാ മിഷൻ സെക്രട്ടറിയും ചീഫ് കോഓർഡിനേറ്ററുമായ ജില്ലാ കളക്ടറുടെ പ്രത്യേക ചുമതലയിൽ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂരഹിത-ഭവനരഹിത ഗുണഭോക്തൃപട്ടികകളും അവർ കണ്ടെത്തിയ സ്ഥലവിവരപട്ടികകളും കൂട്ടായി പരിശോധിച്ച് LIFE മിഷൻ ഭവനസമുച്ചയങ്ങളുടെ സ്ഥാനവും അവയിലെ ഭവനയൂണിറ്റുകളുടെ എണ്ണവും അതനുസരിച്ച് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നിർമ്മാണ പ്രവൃത്തിക്കായി വകയിരുത്തേണ്ട തുകയും അന്തിമമാക്കേണ്ടതാണ്.

## 5.7. LIFE ഭവനസമുച്ചയങ്ങളുടെ നിർമ്മാണം

ഏകദേശം 400 ചതുരശ്രഅടിയോളം വിസ്തൃതിയുള്ള (Carpet area)(കുളിമുറി/ശുചിമുറി ഒഴിച്ച്) ഭവനയൂണിറ്റുകളാണ് LIFE ഭവനസമുച്ചയങ്ങളിൽ ഒരുക്കുക. ഇതിൽ ഒരു കുടുംബത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായി ഒരു ബഹുമുഖോപയോഗ ഹാൾ, അടുക്കള, രണ്ടു കിടപ്പുമുറികൾ, ശുചിമുറി, അലക്കിനും തുണി ഉണക്കലിനും മറ്റും ഉപയോഗിക്കാവുന്ന പിൻവരാന്ത/ബാൽക്കണി എന്നിവ ഉണ്ടാവണം. ഇതിനു പുറമേ ഓരോ ഭവനസമുച്ചയത്തിലും അവിടത്തെ ഗുണഭോക്താക്കളുടെ പൊതു ആവശ്യങ്ങൾക്കായുള്ള വിവിധ സാമൂഹികസേവന സൗകര്യങ്ങളും ഉണ്ടാവണം. അടിസ്ഥാനമായുണ്ടാവേണ്ട പൊതുസംവിധാനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ആധുനിക സുരക്ഷാസംവിധാനങ്ങൾ
   - സെക്യൂരിറ്റി സർവയലൻസ് ക്യാമറകൾ
   - വൈദ്യുതിതടസ്സങ്ങൾ മറികടക്കാൻ ജനറേറ്റർ
2. പരിസ്ഥിതി സൗഹൃദസംവിധാനങ്ങൾ
   - മഴവെള്ളക്കൊയ്ത്ത് വഴിയുള്ള ജലസംരക്ഷണം

- പൂന്തോട്ട-ശുചീകരണ ആവശ്യങ്ങൾക്കായി ജലപുനരുപയോഗം
- വിസർജ്യമാലിന്യ സംസ്കരണ സംവിധാനം
- ശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണം(എയ്റോബിക്ക് ബിൻ ഉപയോഗിച്ചുള്ള ജൈവമാലിന്യ കമ്പോസ്റ്റിങ്ങ്; അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തരം തിരിച്ചു ശേഖരിച്ച് പുനചംക്രമണത്തിനു നൽകൽ)
- മേൽക്കൂര സൌരവൈദ്യുതനിലയം
- ജൈവവേലി

3. സാമൂഹിക/സേവന സൗകര്യങ്ങൾ

- ഓഫീസ്, മീറ്റിംഗ് ഹാൾ
- വിദ്യാർത്ഥികൾക്ക് പൊതുപഠനമുറി, ലൈബ്രറി, കംപ്യൂട്ടർ റൂം
- യോഗ സെൻറർ/ റിക്രിയേഷൻ റൂം
- ക്രഷേ/ അംഗൻവാടി
- വൃദ്ധജനപരിചരണ സംവിധാനം/പാലിയേറ്റീവ് കെയർ

LIFE ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വേഗത്തിലാക്കുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ ബിൽഡിങ് മെറ്റീരിയൽസ് ആൻഡ് ടെക്നോളജി പ്രമോഷൻ കൗൺസിലിന്റെ (BMTPC) അംഗീകാരമുള്ള ആധുനിക പ്രീഫാബ്രിക്കേഷൻ സങ്കേതങ്ങൾ കഴിയുന്നിടത്തോളം ഉപയോഗപ്പെടുത്തേണ്ടതാണ്.ലഭ്യമായ ഭൂമിയുടെ സവിശേഷതകൾക്ക് അനുരൂപമായും മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയും LIFE ഭവനസമുച്ചയങ്ങളുടെ രൂപകല്പന തയ്യാറാക്കുകയും ആധുനിക സങ്കേതങ്ങളുപയോഗപ്പെടുത്തിയും സമയബന്ധിതമായി കെട്ടിട നിർമ്മാണം നടത്തുകയും ചെയ്യുന്നതിന് മത്സരാധിഷ്ഠിത ഇ-ടെൻഡർ നടപടികൾ വഴി നിർമ്മാണ ഏജൻസികളെ കണ്ടെത്തേണ്ടതാണ്.

LIFE മിഷൻ സംസ്ഥാനതലത്തിൽ രൂപീകരിക്കുന്ന സാങ്കേതിക സമിതിയാണ് നിർമ്മാണപ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത്.

PMAY പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും വിവിധ വകുപ്പുതല ഭവനപദ്ധതികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നും സമാഹരിക്കാനാകുന്ന തുകയും ലഭ്യമാക്കാനാകുന്ന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടും കിഫ്ബി വഴി ലഭ്യമാക്കാനാകുന്ന വായ്പയുമാണ് LIFE ഭവനസമുച്ചയങ്ങളുടെ നിർമ്മാണച്ചെലവിനുള്ള ധനസ്രോതസ്സുകൾ. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ആവശ്യമായി വരുന്ന വായ്പ സംസ്ഥാന ലൈഫ് മിഷൻ കിഫ്ബി പോലുള്ള സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതുമാണ്.

നിർമ്മാണച്ചെലവിന്റെ ഒരു നിശ്ചിതശതമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നും നീക്കി വയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദമായ ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്. ഒന്നിലേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കൾ ഉൾപ്പെടുന്ന LIFE ഭവനസമുച്ചയങ്ങളുടെ കാര്യത്തിൽ ഈ തുക ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആനുപാതികമായി പങ്കുവയ്ക്കേണ്ടതാണ്.

വായ്പയായി ലഭ്യമാക്കേണ്ടി വരുന്ന തുകയുടെ പലിശ വരും വർഷങ്ങളിൽ സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. എന്നാൽ മുതൽ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഓരോ വർഷവും തിരിച്ചു പിടിക്കുന്നതാണ്. തുക അടച്ചുതീർക്കേണ്ട കാലയളവ്, ഗുണഭോക്താക്കവളുടെ പട്ടിക അന്തിമമാക്കുന്നതിന് മുമ്പു തന്നെ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## 5.8. ഭവനസമുച്ചയ ഗുണഭോക്താക്കളുടെ പരിശീലനം

വിവിധ സാഹചര്യങ്ങളിൽ നിന്നും ജീവിത പശ്ചാത്തലങ്ങളിൽ നിന്നും LIFE ഭവനസമുച്ചയങ്ങളിലേക്ക് എത്തുന്ന ഗുണഭോക്താക്കളെ പരസ്പരം പരിചയപ്പെടുത്തുകയും ഒരു വലിയ കൂട്ടുകുടുംബമായി ഇണക്കിച്ചേർക്കുകയും ചെയ്യുന്നതിനും, ഭവനസമുച്ചയത്തിലേക്ക് താമസം മാറുന്നതിനു മുൻപും മാറ്റത്തിനിടയിലും അതിനുശേഷവും അവരെ സഹായിക്കാനും, അവരുടെ നൈപുണികളും ആവശ്യങ്ങളും പഠിച്ച് കാര്യശേഷീവികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കാനും, ഭവനസമുച്ചയ സമിതികൾ രൂപീകരിച്ച് ദൈനംദിന നടത്തിപ്പിൽ സ്വയംപര്യാപ്തത നേടാൻ അവർക്ക് സഹായം നൽകാനുമായി സാമൂഹ്യ സേവനതത്പരരായ സന്നദ്ധ പ്രവർത്തകരുണ്ടാകേണ്ടതാണ്.

IRMA Friends of Kerala എന്ന സംഘടനയാണ് ഈ പ്രവർത്തനത്തിന്റെ ഏകോപനച്ചുമതല നിർവ്വഹിക്കുന്നതിനു തയ്യാറായി വന്നിട്ടുള്ളത് ഇതിനുള്ള ഉത്തരവ് (GO(Rt)No169/2017/Plg dtd 27.03.2017) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. LIFE ഭവനസമുച്ചയങ്ങളിലേക്ക് എത്തുന്ന കുടുംബങ്ങൾക്ക് അർഹമായ എല്ലാ സാമൂഹ്യ സുരക്ഷാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനപരിപാടിയുടെ ചട്ടക്കൂട് ഇവർ തയ്യാറാക്കുന്നതാണ്. തദ്ദേശ സ്വയംഭരണസ്ഥാപനത്തിനു പുറമേ സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യവകുപ്പ്, പൊതുവിതരണ സംവിധാനം തുടങ്ങിയ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഇവിടെ കേന്ദ്രിതമായി ലഭ്യമാക്കുന്നതാണ്. സമാന ചിന്താഗതിക്കാരും നിഷ്പക്ഷവും ജനകീയവുമായി പ്രവർത്തിക്കാനാകുന്നവരുമായ മറ്റ് സന്നദ്ധ സംഘടനകളുടെ സേവനവും LIFE ഭവനസമുച്ചയ ഗുണഭോക്താക്കളുടെ നൈപുണ്യ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭവനസമുച്ചയ ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകാൻ കുടുംബശ്രീയും

രംഗത്തുണ്ടാകുന്നതാണ്. LIFE ഭവനസമുച്ചയങ്ങളുടെ സ്ഥാനങ്ങളും ഗുണഭോക്താക്കളുടെ പട്ടികയും അന്തിമമാകുന്ന മുറയ്ക്ക് ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## 6. സമ്പൂർണ്ണ ഭവനവത്ക്കരണ പ്രഖ്യാപനം

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും LIFE മിഷൻ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടം തയ്യാറാക്കുകയും ഗ്രാമസഭകളുടെയും ഭരണസമിതിയുടെയും അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന ഗുണഭോക്തൃപട്ടികകളാണ് പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭവനവത്ക്കരണ നേട്ടം വിലയിരുത്തുന്നതിനുള്ള അടിസ്ഥാന രേഖ ലക്ഷ്യമിട്ട എല്ലാ ഭവന നിർമ്മാണങ്ങളും പൂർത്തിയാക്കുകയും LIFE ഭവനസമുച്ചയങ്ങൾ അഥവാ ക്ലസ്റ്ററുകളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുകയും LIFE മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും സുതാര്യമായി പൂർത്തീകരിച്ച് തങ്ങളുടെ വെബ് സൈറ്റിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന മുറയ്ക്കാണ് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അവർ സമ്പൂർണ്ണ ഭവനവത്ക്കരണ ലക്ഷ്യം കൈവരിച്ചതായി പ്രഖ്യാപിക്കാനാകുന്നത്.

## 7. ഉപസംഹാരം

സംഘാടനപരമായും നിർവ്വഹണപരമായും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള LIFE മിഷൻ നടത്തിപ്പിൽ പാലിക്കപ്പെടേണ്ട പൊതു പ്രവർത്തനക്രമവും ഔദ്യോഗിക നടപടികളുമാണ് ഇവിടെ വിശദമാക്കുന്നത്. എന്നാൽ ഇതോടൊപ്പം ജനകീയതയുടെ ആത്മാവു കൂടിയുണ്ടായാലേ ഈ പ്രവർത്തനങ്ങൾ പൂർണ്ണവും വിജയകരവുമാവുകയുള്ളൂ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള LIFE മിഷൻ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി സ്വീകരിക്കാവുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ **<u>അനുബന്ധം - 2</u>** ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ പ്രദേശത്തെ സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ച് LIFE മിഷൻ പ്രവർത്തനത്തിൽ പരമാവധി ജനപങ്കാളിത്തവും സുതാര്യതയും സാമൂഹിക മേൽനോട്ടവും ഉറപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിലെന്നോണം എല്ലാവരുടേതുമായ വികസന ഇടപെടലാക്കി LIFE സമ്പൂർണ്ണ ഭവന പദ്ധതിയെ മാറ്റാൻ കഴിയുന്നതിലാകും ഈ പദ്ധതിയുടെ വിജയം നിലനിൽക്കുന്നത്.

**<u>അനുബന്ധം - 1</u>**

## <u>ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുന്നതിലേക്കായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ

നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്. സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ കരട് പട്ടിക 2017 ജൂലൈ മാസത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് പട്ടികയിന്മേൽ ആക്ഷേപം സ്വീകരിച്ച് (അപ്പീൽ) ആയത്, പരിശോധിച്ച് തീർപ്പാക്കി, പട്ടിക കുറ്റമറ്റതാക്കേണ്ടതാണ്. അപ്പീൽ സമർപ്പിക്കുന്നത് സംബന്ധിച്ചും, ആയത് തീർപ്പാക്കുന്നത് സംബന്ധിച്ചും ചുവടെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## I. സർവ്വേ ഫോറങ്ങളുടെ കൈമാറ്റം

എൻട്രി പൂർത്തിയാക്കുന്ന മുറയ്ക്ക് ലൈഫ് മിഷൻ നിർദേശിക്കുന്ന ദിവസം സർവ്വേ ഫോറങ്ങൾ ബന്ധപ്പെട്ട ഡാറ്റാ സെന്ററിൽ നിന്നും ശേഖരിച്ച് ജില്ലാ മിഷൻ കോർഡിനേറ്റർമാർ ഉടനടി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് കൈമാറേണ്ടതാണ്.

## II.കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തൽ

ലൈഫ് മിഷൻ നിശ്ചയിക്കുന്ന ദിവസം, ഗുണഭോക്താക്കളുടെ പട്ടിക, കുടുംബശ്രീ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് online ആയി കൈമാറുന്നതാണ്. അർഹരായവരുടെ ഗുണഭോക്തൃ പട്ടികയും അനർഹരുടെ പട്ടികയും പ്രത്യേകമായി കൈമാറുന്നതാണ്. ഇതിൽ അർഹരായവരുടെ പട്ടിക മാത്രമേ പ്രസിദ്ധപ്പെടുത്തേണ്ടതുള്ളൂ. പട്ടികയിൽ, ഗുണഭോക്താവിന്റെ പേര്, വാർഡ് , മേൽവിലാസം, ക്ലേശഘടകം, ഒഴിവാക്കപ്പെട്ടവരാണെങ്കിൽ അതിനുള്ള കാരണം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ഇംഗ്ലീഷിൽ ലഭ്യമാക്കുന്ന പട്ടിക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെറ്റുകൾ കൂടാതെ മലയാളത്തിലേക്ക് മാറ്റേണ്ടതാണ്. ഇതിനാവശ്യമായ ചെലവ് തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണ്.

കുടുംബശ്രീ തയ്യാറാക്കി നൽകിയ അർഹരായവരുടെ ഗുണഭോക്തൃ പട്ടിക പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ക്രൂട്ടിനി ആന്റ് അപ്പീൽ കമ്മിറ്റിക്ക് രൂപം നൽകേണ്ടതാണ് (Committee for Scrutiny and Appeal). തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡൻറ്/ചെയർമാൻ/മേയർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഭരണപക്ഷത്ത് നിന്ന് അല്ലാത്ത ഒരംഗം, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി നിയോഗിക്കുന്ന ഒരുദ്യോഗസ്ഥൻ (കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറി, അല്ലാത്ത പക്ഷം ഡെപ്യൂട്ടി സെക്രട്ടറി, നഗരസഭയിൽ PA to

സെക്രട്ടറി, അല്ലാത്ത പക്ഷം സൂപ്രണ്ട് , പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി) എന്നിവർ കമ്മിറ്റി അംഗങ്ങൾ ആയിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ ചെയർമാനും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കുന്നതുമാണ്.

കുടുംബശ്രീ തയ്യാറാക്കി നൽകുന്ന കരട് ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുമ്പായി പ്രസ്തുത കമ്മിറ്റി പട്ടിക പരിശോധിച്ച്, അർഹതയുള്ളവരുടെ പട്ടികയിൽ ഏതെങ്കിലും അനർഹർ ഉണ്ട് എന്ന് ബോധ്യപ്പെടുന്ന പക്ഷം, അവരെ ഒഴിവാക്കി (ഈ ഘട്ടത്തിൽ ഒഴിവാക്കിയവരുടെ പട്ടികയിൽ നിന്നോ, സർവ്വേ ചെയ്യാത്തവരുടെ ഇടയിൽ നിന്നോ, പുതിയ ഗുണഭോക്താവിനെ കൂട്ടിച്ചേർക്കരുത്) പ്രസിദ്ധീകരിക്കേണ്ടതാണ്. ഇവരെ ഒഴിവാക്കിയ ഗുണഭോക്താക്കളുടെ ഗണത്തിൽ ഉൾക്കൊള്ളിക്കേണ്ടതും ആയതിന് കാരണം രേഖപ്പെടുത്തേണ്ടതുമാണ്.

ഗുണഭോക്താക്കളുടെ യോഗ്യത / അയോഗ്യത സംബന്ധിച്ച വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പരിശോധിച്ച് മാത്രമേ അപ്പീൽ കമ്മിറ്റി അന്തിമ തീരുമാനം എടുക്കാൻ പാടുള്ളൂ.

ലൈഫ് മിഷൻ നിശ്ചയിക്കുന്ന ദിവസം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അർഹരായവരുടെ കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ website-ലും പകർപ്പ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, കുടുംബശ്രീ സി.ഡി.എസ്. ഓഫീസിലും, ഡി.എം.സി ഓഫീസിലും, ജില്ലാകളക്ടറേറ്റിലും വില്ലേജ് ഓഫീസ്, അംഗൻവാടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മറ്റ് പ്രധാന സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലും ലഭ്യമാക്കേണ്ടതും എല്ലാ വാർഡ് കൗൺസിലർമാർ/പഞ്ചായത്ത് അംഗങ്ങൾ എന്നിവർക്ക് അവരുടെ വാർഡിലെ ഗുണഭോക്താക്കളുടെ പട്ടികയുടെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്. ആയതിന്റെ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിക്കായിരിക്കുന്നതാണ്.

## III. അപ്പീൽ

അപ്പീലുകൾ പ്രധാനമായും മൂന്നു തരത്തിലാണ്.

1. അർഹത ഉണ്ടായിട്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽ

2. അനർഹരായ കുടുംബങ്ങളെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അപ്പീൽ.

3. അർഹതയുള്ള ഗുണഭോക്താക്കളുടെ കുടുംബ വിവരങ്ങളിൽ വന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള അപ്പീൽ.

## 1. അർഹത ഉണ്ടായിട്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽ

(a) ബന്ധപ്പെട്ട കുടുംബത്തിന്റെ കുടുംബനാഥനോ പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്കോ നേരിട്ട് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് അപ്പീൽ നൽകാവുന്നതാണ്.

(b) അർഹനായ ഒരു ഭവനരഹിതനും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടു പോകാതിരിക്കുന്നതിനായി സന്നദ്ധ സംഘടനകൾക്കോ സേവന സന്നദ്ധരായ വ്യക്തികൾക്കോ അവർ കണ്ടെത്തുന്ന അശരണരും നിരാലംബരുമായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള അപ്പീലുകൾ സമർപ്പിക്കാവുന്നതാണ്.

(c) ഇപ്രകാരം അപ്പീൽ സമർപ്പിക്കുമ്പോൾ അവരുടെ അർഹത തെളിയിക്കേണ്ടത് അപ്പീൽ നൽകുന്നവരുടെ ഉത്തരവാദിത്തം ആയിരിക്കുന്നതാണ്.

(d) ഏതെങ്കിലും അർഹനായ ഗുണഭോക്താവ് പട്ടികയിൽ വന്നിട്ടില്ല എന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി കരുതുന്ന പക്ഷം, സെക്രട്ടറി ഇത്തരക്കാരെ പട്ടികയിൽ ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(e) തങ്ങളുടെ വാർഡിലെ/ഡിവിഷനിലെ അർഹനായ ഏതെങ്കിലും ഭവനരഹിതർ പട്ടികയിൽ ഇല്ലാത്ത പക്ഷം, ടി വിഷയം ബന്ധപ്പെട്ട വാർഡംഗം/കൗൺസിലർ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതും സെക്രട്ടറി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 2. അനർഹരായ കുടുംബങ്ങളെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അപ്പീൽ

(a) അനർഹരായ ഒരു കുടുംബവും അന്തിമഗുണഭോക്തൃ ലിസ്റ്റിൽ കടന്നുകൂടാതിരിക്കാനായി സാമൂഹ്യ പ്രതിബദ്ധത ഉള്ള സംഘടനകൾക്കും വ്യക്തികൾക്കും കരട് ഗുണഭോക്തൃ ലിസ്റ്റിന്മേൽ ആക്ഷേപങ്ങൾ നൽകാവുന്നതാണ്.

(b) ഏതെങ്കിലും സാഹചര്യത്തിൽ അനർഹരായ ഒരു കുടുംബം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് സ്വയം ഒഴിവാകുന്നതിനുള്ള അപ്പീൽ നൽകാവുന്നതാണ്.

(c) അനർഹനായ ആരെങ്കിലും കരട് പട്ടികയിൽ ഉണ്ട് എന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് ബോധ്യമുള്ള പക്ഷം പരിശോധനയിലൂടെ ടിയാനെ സെക്രട്ടറി ഒഴിവാക്കേണ്ടതാണ്. കൂടാതെ അനർഹനായ ഒരാളും പട്ടികയിൽ ഇല്ല എന്ന് ഉറപ്പാക്കുന്നതിനായി സെക്രട്ടറി ഭരണ സംവിധാനം ഉപയോഗിക്കേണ്ടതും, ആയത് ഉറപ്പാക്കേണ്ടതുമാണ്. ആയത് സെക്രട്ടറിയുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്.

(d) തങ്ങളുടെ വാർഡിൽ / ഡിവിഷനിൽ അർഹതയില്ലാത്ത ഏതെങ്കിലും ഗുണഭോക്താവ് പട്ടികയിൽ കടന്നു കൂടിയിട്ടുള്ള പക്ഷം, ആയത് ബന്ധപ്പെട്ട വാർഡംഗം/ കൗൺസിലർ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും സെക്രട്ടറി തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3. <u>അർഹരായ ഗുണഭോക്താക്കളുടെ വിവരങ്ങളിന്മേൽ തെറ്റ് തിരുത്തുന്നതിനുള്ള അപേക്ഷ</u>

(a) അർഹതയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളിൽ തെറ്റ് വന്നിട്ടുള്ള പക്ഷം, ആയത് തിരുത്തുന്നതിന് ബന്ധപ്പെട്ട ഗുണഭോക്താവിന്, വ്യക്തമായ രേഖകൾ സഹിതം അപേക്ഷ നൽകാവുന്നതാണ്.

(b) സംഘടനകൾ, വ്യക്തികൾ എന്നിവർക്ക്, ഗുണഭോക്താവിന്റെ വിവരത്തെ സംബന്ധിച്ച് തർക്കമുള്ള പക്ഷം വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ പരാതി നൽകാവുന്നതാണ്. സംഘടനകൾ ആക്ഷേപം സമർപ്പിക്കുമ്പോൾ സംഘടനയുടെ പേരും മേൽവിലാസവും വ്യക്തമായി നൽകേണ്ടതാണ്.

(c) അപ്പീൽ നൽകുന്ന ആളിന്റെ പേര്, പൂർണ്ണ മേൽവിലാസം, വാർഡ്, ഫോൺ നമ്പർ എന്നിവ വെള്ള കടലാസ്സിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

## <u>മറ്റുള്ളവ</u>

1) പരാതിയിലുള്ള ആക്ഷേപങ്ങൾ വ്യക്തവും, ആയതിന് വ്യക്തമായ കാരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ആയത് പരാതി സ്വീകരിക്കുമ്പോൾ തന്നെ പരാതി സ്വീകരിക്കുന്ന

ഉദ്യോഗസ്ഥൻമാർ ഉറപ്പുവരുത്തേണ്ടതാണ്.പരാതി/ആക്ഷേപം വ്യക്തമല്ലാത്ത പക്ഷം അത് വ്യക്തമായി രേഖപ്പെടുത്തി സ്വീകരിക്കേണ്ടതാണ്.

2) കരട്ട് പ്രസിദ്ധീകരിച്ച് പത്ത് ദിവസം വരെ പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. അതിനു ശേഷം ലഭിക്കുന്ന അപ്പീൽ സ്വീകരിക്കേണ്ടതില്ല. പരാതി സ്വീകരിക്കുന്ന അവസാന ദിവസം കഴിഞ്ഞ് ഏഴ് ദിവസത്തിനകം എല്ലാ ആക്ഷേപങ്ങളും പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്.

3) ആക്ഷേപങ്ങൾ തീർപ്പാക്കി, വിവരങ്ങൾ MIS-ൽ രേഖപ്പെടുത്തി, പത്താം ദിവസം പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്.

4) ആദ്യം തയ്യാറാക്കിയ കരട് പട്ടികയിൽ യാതൊരു മാറ്റവും വരുത്താതെ പുതിയതായി ഉൾക്കൊള്ളിക്കുന്നവരുടെയും, ഒഴിവാക്കുന്നവരുടെയും ഭേദഗതി ചെയ്യുന്നവരുടെയും പട്ടിക പ്രത്യേകമായി തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ലൈഫ് മിഷൻ നിശ്ചയിക്കുന്ന ദിവസം പ്രസ്തുത പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്. പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിലും ആദ്യ കരട് പ്രസിദ്ധീകരിച്ച എല്ലാ ഓഫീസുകളിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

## IV.അപ്പീൽ തീർപ്പാക്കൽ

1. കരട്ട് പട്ടികയിന്മേൽ ലഭിക്കുന്ന അപേക്ഷകൾ വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ആയതിന് കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ് .
2. ഓരോ ദിവസവും ലഭിക്കുന്ന അപേക്ഷകൾ അപ്പീൽ കമ്മിറ്റി അന്നുതന്നെ പരിശോധിച്ച്, ഫീൽഡ്തല പരിശോധന ആവശ്യമാണെന്ന് തോന്നുന്ന അപേക്ഷകൾ അടുത്ത ദിവസം തന്നെ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്.
3. വാർഡ് തലത്തിൽ പരിശോധന നടത്തുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. ഫീൽഡ്തല പരിശോധനയ്ക്കായി ഉദ്യോഗസ്ഥനെ നിയോഗിക്കുമ്പോൾ പരാതിയും (അപ്പീൽ), നേരത്തെ സർവ്വേ ചെയ്തിട്ടുള്ള പക്ഷം, ബന്ധപ്പെട്ട പരാതിക്കാരന്റെ/ഗുണഭോക്താവിന്റെ വിവരം ശേഖരിച്ച സർവ്വേ ഫോം എന്നിവ പരിശോധനക്കായി ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്. ഫീൽഡ്തല പരിശോധനയിൽ, സർവ്വേ ഫോറങ്ങളിലെ വിവരങ്ങൾ ശരിയാണോ/ തെറ്റാണോ എന്ന് പരിശോധിച്ച്, വ്യക്തമായ ശുപാർശയോടു കൂടി ടി വിവരം അപ്പീൽ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. പരിശോധനയിൽ പരാതിക്കാരൻ യോഗ്യനാണ് എന്ന് കാണുന്ന പക്ഷം C (ഭൂമിയുള്ള ഭവനരഹിതർ), D (ഭൂരഹിത-ഭവനരഹിതർ) എന്നീ സർവ്വേ ഫോറങ്ങളിൽ വിവര ശേഖരണം നടത്തി അപ്പീൽ കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആവശ്യമായ ഫോറങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് കൈമാറേണ്ടതാണ്.

6. അപ്പീൽ കമ്മിറ്റി പരിശോധനാ റിപ്പോർട്ട് വിശദമായി പരിശോധിച്ച്, യോഗ്യതയുള്ളവരെ ഉൾക്കൊള്ളിക്കേണ്ടതും, യോഗ്യത ഇല്ലാത്തവരെ ഒഴിവാക്കിയും (കാരണ സഹിതം) പട്ടിക തയ്യാറാക്കേണ്ടതാണ്. പട്ടിക അപ്പീൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്.

7. പുതിയതായി ഉൾക്കൊള്ളിക്കുന്ന ഗുണഭോക്താക്കളുടെ വിശദവിവരം നിലവിലുള്ള MIS-ൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. അർഹതയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളിൽ ഭേദഗതി ആവശ്യമുള്ള പക്ഷം ആയത് MIS-ൽ വരുത്തേണ്ടതാണ്.

8. അർഹത ഇല്ലാത്തവരെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന്റെ ഭാഗമായി ഇവരുടെ വിവരങ്ങൾ-പേര്, മേൽവിലാസം, എന്തു കൊണ്ട് ഒഴിവാക്കി എന്നിവ excel-ൽ രേഖപ്പെടുത്തേണ്ടതാണ്. ഇവരുടെ പേര് വിവരം മാതൃപട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതില്ല.

9. പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഒരുക്കേണ്ടതും അത്തരത്തിലുള്ള ഒഴിവാക്കൽ, ഉൾചേർക്കൽ, ഭേദഗതി എന്നിവ നടത്തി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പട്ടികയിൽ അനർഹർ ആരും ഇല്ല എന്നും

അർഹതയുള്ള ആരും പട്ടികയ്ക്ക് പുറത്ത് ഇല്ല എന്നും ഉറപ്പ വരുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്.

10. ആക്ഷേപം തീർപ്പാക്കി പട്ടികയ്ക്ക് അംഗീകാരം നൽകുമ്പോൾ മാതൃപട്ടികയിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ല. എന്നാൽ പുതിയതായി ഉൾക്കൊള്ളിക്കുന്നവ, ഒഴിവാക്കുന്നവ, വിവരങ്ങളിലെ ഭേദഗതി എന്നിവ മൂന്ന് അനുബന്ധ പട്ടികയായി തയ്യാറാക്കി മാതൃപട്ടികയോടൊപ്പം പ്രസിദ്ധീകരിക്കേണ്ടതാണ്.

## V. രണ്ടാം ഘട്ട അപ്പീൽ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ച പട്ടികയിൽ ആക്ഷേപം ഉള്ളവർക്ക് ജില്ലാ തലത്തിൽ അപ്പീൽ നൽകാവുന്നതാണ്.

ജില്ലാതലത്തിൽ അപ്പീൽ സ്വീകരിച്ച് തീർപ്പാക്കുന്നതിന് താഴെ പറയുന്ന നടപടികൾ അതാത് ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

- ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും, ആയതിന് കൈപ്പറ്റ് രസീത് നൽകുന്നതിനുമുള്ള സംവിധാനം ഒരുക്കേണ്ടതാണ്.
- ലഭിക്കുന്ന അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ക്രമീകരിച്ച് പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ് .
- ജില്ലാതല അപ്പീൽ ഏകോപിപ്പിക്കുന്നതിനായി ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ / ഡപ്യൂട്ടി കളക്ടർ തസ്തികയിൽ ഉള്ള ഒരാളെ ചുമതലപ്പെടുത്തേണ്ടതാണ്.
- അപ്പീൽ ജില്ലാതല ഓഫീസർമാർ/ റവന്യൂ ഉദ്യോഗസ്ഥർ എന്നിവരെ ഉപയോഗിച്ച് പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്.
- പുതിയതായി ഉൾകൊള്ളിക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള പരാതികൾ പരിഗണിക്കാവുന്നതാണ്. മൂന്നാം കക്ഷിയുടെ പരാതിയും ഇത്തരത്തിൽ അപ്പീലായി പരിഗണിക്കാവുന്നതാണ്.

□□ സ്ഥലം സന്ദർശിച്ച്, പരാതിക്കാരനെ കണ്ട്, യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കിയ ശേഷം മാത്രമേ പരാതി തീർപ്പാക്കാൻ പാടുള്ളൂ. പുതിയതായി ഉൾകൊള്ളിക്കാൻ ശുപാർശ ചെയ്യുന്ന ഗുണഭോക്താവിന്റെ വിവരങ്ങൾ ഫോം സി / ഡി എന്നിവയിൽ രേഖപ്പെടുത്തേണ്ടതാണ്. ആവശ്യമായ സി/ഡി ഫോറങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കേണ്ടതാണ്.

□□ അന്വേഷണ വിവരങ്ങൾ ജില്ലാകളക്ടർ പരിശോധിച്ച് പരാതിയിൽ തീർപ്പാക്കേണ്ട താണ്.

□□ കരട് പട്ടിക പ്രസിദ്ധീകരിച്ച് പത്ത് ദിവസം വരെ ആക്ഷേപങ്ങൾ സ്വീകരിക്കാവുന്നതും അടുത്ത പത്ത് ദിവസം കൊണ്ട് പരാതി തീർപ്പാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടിക കൈമാറേണ്ടതുമാണ്.

□□ ഇത്തരത്തിൽ തീർപ്പാക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതും (ഫോം സി, ഡി ഉൾപ്പെടെ), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ MIS-ൽ വിവരം രേഖപ്പെടുത്തി, ഒഴിവാക്കേണ്ടവരുടെ പേര്, പുതിയതായി ഉൾക്കൊള്ളിക്കേണ്ടവരുടെ പേര് ഇവ ഉൾക്കൊള്ളിച്ച് പ്രത്യേകം പട്ടിക തയ്യാറാക്കേണ്ടതാണ്.

□□□ പുതിയതായി ഉൾക്കൊള്ളിക്കുന്നവരുടെ പേരും ഒഴിവാക്കുന്നവരുടെ പേരും ആദ്യ പട്ടികയ്ക്ക് മാറ്റം വരുത്താതെ പ്രത്യേകം പട്ടികയായി പ്രസിദ്ധീകരിക്കേണ്ടതാണ് .

□□□ നിശ്ചയിക്കുന്ന ദിവസം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടിക website-ലും, ആദ്യ ഘട്ടത്തിൽ പകർപ്പ് ലഭ്യമാക്കിയ സ്ഥലങ്ങളിലും ലഭ്യമാക്കേണ്ടതാണ്.

## VII. <u>അന്തിമ ഗുണഭോക്തൃ പട്ടികക്ക് അംഗീകാരം നൽകൽ</u>

ജില്ലാതല അപ്പീൽ കഴിഞ്ഞ് ലഭ്യമാക്കുന്ന പട്ടികയ്ക്ക് അന്തിമ അംഗീകാരം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അന്തിമ അംഗീകാരം ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ് .

1. പട്ടിക പ്രസിദ്ധീകരിച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുറഞ്ഞത് 10 ദിവസത്തെ സമയം നൽകി പ്രത്യേക വാർഡ് സഭ/ കമ്മിറ്റി / ഗ്രാമസഭ വിളിക്കേണ്ടതാണ്.

2. വാർഡ് സഭ/ ഗ്രാമസഭ കൂടുന്നതിന് മുന്പായി വാർഡ് അടിസ്ഥാനത്തിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി നോട്ടീസിനോടൊപ്പം എല്ലാ ഭവനങ്ങളിലും എത്തിക്കേണ്ടതാണ്. ഇത്തരം ഗ്രാമസഭകൾക്ക് ആവശ്യമായ ക്വോറം ഉണ്ടെന്ന് തദേശ സ്വയംഭരണസ്ഥാപന സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. ഗ്രാമസഭാ പങ്കാളിത്തം വ്യക്തമാക്കുന്ന ഫോട്ടോ എടുക്കേണ്ടതും ആയതു തദേശ സ്വയംഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. വാർഡ് സഭ/ ഗ്രാമസഭയിൽ പട്ടിക അവതരിപ്പിച്ച് ഓരോ ഗുണഭോക്താവിനേയും സഭയ്ക്ക് പരിചയപ്പെടുത്തേണ്ടതാണ്.

3. വിശദമായി ചർച്ച ചെയ്ത് അനർഹർ ആരെങ്കിലും പട്ടികയിൽ ഉള്ള പക്ഷം, ടി വിവരവും, അർഹർ ആരെങ്കിലും പട്ടികയിൽ ഉൾപ്പെടാത്ത പക്ഷം, ടി വിവരവും വിശദമായി രേഖപ്പെടുത്തിയ റിപ്പോർട്ടും മിനിറ്റ്സ് ബുക്കും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് വാർഡ് സഭ, ഗ്രാമ സഭ, കൺവീനർമാർ കൈമാറേണ്ടതാണ്.

4. പുതുതായി ഉൾക്കൊള്ളിക്കുന്നതിനോ ഒഴിവാക്കുന്നതിനോ ശുപാർശ ഉള്ള പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ടി വിഷയം പരിശോധിച്ച് തീർപ്പാക്കി വീണ്ടും വാർഡ് സഭ / ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ഇത്തരത്തിൽ വീണ്ടും വാർഡ് സഭ/ഗ്രാമസഭ കൂടേണ്ടി വരുന്ന പക്ഷം തർക്കമില്ലാത്ത പട്ടികയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം ലഭ്യമാക്കി മിഷൻ പ്രവർത്തനവുമായി മുന്നോട്ട് പോകാവുന്നതാണ്.

5. ഗ്രാമ/വാർഡ് സഭകളുടെ അംഗീകാരം ലഭിച്ച പട്ടികയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ അംഗീകാരം നൽകി പട്ടിക അന്തിമമാക്കേണ്ടതാണ്.

6. അന്തിമ പട്ടികയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പട്ടിക ഏകീകരിച്ച് അർഹതയുള്ള ഗുണഭോക്താക്കളുടെ ഒറ്റ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

7. അന്തിമ പട്ടികയ്ക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ ഗുണഭോക്താക്കളുടെ ഫോട്ടോ (കുടുംബത്തിന്റെ) എടുത്ത് ആയത് പട്ടികയോടൊപ്പം ഉള്ളടക്കം ചെയ്ത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താവിന്റെ വിവരങ്ങൾ, ഫോട്ടോ എന്നിവ സ്ഥാപനത്തിന്റെ website-ൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, അച്ഛൻ / അമ്മയുടെ പേര്, മുൻഗണന, ക്ലേശഘടകം എന്നിവ പട്ടികയിൽ ഉണ്ടായിരിക്കേണ്ടതാണ്. വസ്തുവില്ലാത്ത ഭവനരഹിതർ, വസ്തുവുള്ള ഭവനരഹിതർ എന്നിവരുടെ പട്ടിക പ്രത്യേകമായി പ്രസിദ്ധീകരിക്കേണ്ടതാണ്. അന്തിമ ഗുണഭോക്തൃ പട്ടിക ലൈഫ് മിഷന്റെ website-ൽ പ്രസിദ്ധീകരിക്കുന്നതിനായി അയച്ചു തരേണ്ടതുമാണ്.

************

അനുബന്ധം 1 (a)

**അർഹത മാനദണ്ഡം-വസ്തുവും വീടും ഇല്ലാത്തവർ**

1. സ്വന്തമായി /കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ
2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ.
4. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല
5. സ്വകാര്യ ആവശ്യത്തിനു നാലുചക്ര വാഹനം ഉണ്ടാകാൻ പാടില്ല.
6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല.

**അർഹതാ മാനദണ്ഡം-വസ്തു ഉള്ള ഭവനരഹിതർ**

1. സ്വന്തമായി /കുടുംബാംഗങ്ങളുടെ പേരിൽ ഭവനം ഇല്ലാത്തവർ/ പരമ്പരാഗതമായി ഭവനം കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ

2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)

3. സ്വന്തമായി വസ്തു ഉള്ളവർ. (നഗരങ്ങളിൽ 5 സെന്റിൽ താഴെയും ഗ്രാമങ്ങളിൽ 25 സെന്റിൽ താഴെയും ഭൂമി ഉള്ളവർ മാത്രം) പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല

4. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ.

5. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല

6. സ്വകാര്യ ആവശ്യത്തിന് നാലുചക്ര വാഹനമുള്ളവർ പാടില്ല

*************

**അനുബന്ധം - 2**

## ലൈഫ് മിഷൻ -

## പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

അടുത്ത അഞ്ചു വർഷം കൊണ്ട് ഭവനരഹിതരായ എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച നടപ്പിലാക്കുന്ന ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. എല്ലാവർക്കും സുരക്ഷിതഭവനം എന്ന ലക്ഷ്യത്തോടെ മുന്നേറേണ്ട ദൗത്യമായതിനാൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

സാക്ഷരതാ പ്രസ്ഥാനം, ജനകീയ ആസൂത്രണത്തിന്റെ ആദ്യഘട്ടം എന്നിവയിൽ പ്രകടമായ ജനകീയ പങ്കാളിത്തം ശാസ്ത്രീയമായി ഊട്ടി ഉറപ്പിക്കുന്നതിനും, പൊതുജനങ്ങളുടെ ആശയത്തിന്റെയും സമയത്തിന്റെയും സമ്പത്തിന്റെയും ഒരു ഓഹരി സമൂഹത്തിലെ നിർദ്ധനരായ ഭവനരഹിതർക്ക് നൽകി, ഒരു നവകേരള സൃഷ്ടിക്കായി തദ്ദേശ സ്ഥാപനതലം മുതൽ സംസ്ഥാന തലം വരെ വിവിധ മേഖലകളിൽ ഉള്ളവരെ ഉൾക്കൊള്ളിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ബഹുജനങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് പ്രധാനമായും അഞ്ച് തലങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. പ്രചരണം
2. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

3. ധനസമാഹരണം

4. നിർവഹണം

5. മറ്റുള്ളവ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന്റെ താലൂക്ക്/ജില്ലാതല/ സംസ്ഥാനതല ഓഫീസ് സംവിധാനങ്ങൾ, വിവിധ എൻ.ജി.ഒ.കൾ, രാഷ്ട്രീയ / മത/ സാമുദായിക സംഘടനകൾ, ലൈബ്രറികൾ, ക്ലബുകൾ, സാമ്പത്തിക/ കച്ചവട/വിദ്യാഭ്യാസ/ സേവന സ്ഥാപനങ്ങൾ, ട്രേഡ് യൂണിയനുകൾ വിദ്യാർത്ഥികൾ/യുവാക്കൾ / പ്രൊഫഷണലുകൾ / കർഷകർ/തൊഴിലാളികൾ തുടങ്ങിയ സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട എല്ലാവ രെയും 'എല്ലാവർക്കും സുരക്ഷിത ഭവനം' പദ്ധതിയുടെ ഭാഗമാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## 1. <u>പ്രചാരണം</u>

### (i) പ്രചാരണത്തിന്റെ ടാർജറ്റ് ഗ്രൂപ്പുകൾ

എ) ഭവനരഹിതരായ സമൂഹത്തിലെ എല്ലാവരും, പ്രത്യേകിച്ച് സർക്കാർ പദ്ധതികളെ കുറിച്ച് അറിയാതെ പോകുന്ന ഏറ്റവും അർഹരായ ഭവനരഹിതർ.

ബി) പദ്ധതിയുടെ വിജയത്തിന് ആവശ്യമായ ആശയം, സമയം, സമ്പത്ത്, മാനുഷികവിഭവം എന്നിവ നൽകാൻ കഴിയുന്ന വ്യക്തികൾ / സംഘടനകൾ

സി) പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന വിവിധ സംവിധാനങ്ങളിലുള്ളവർ

ഡി) പദ്ധതിയുമായി സഹകരിക്കാൻ തയ്യാറുള്ള മറ്റുള്ളവർ

### (ii) പ്രചാരണം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള സംഘടനാ സംവിധാനം

എ) താഴെത്തട്ടിൽ പ്രചരണം ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ആയതിന് പഞ്ചായത്ത്/നഗരസഭാതലത്തിൽ തദ്ദേശസ്വയംഭരണസ്ഥാപന പ്രസിഡന്റ് / ചെയർമാൻമാരുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. കൂടാതെ വാർഡടിസ്ഥാനത്തിൽ പഞ്ചായത്ത് അംഗം/നഗരസഭ അംഗത്തിന്റെ അദ്ധ്യക്ഷതയിൽ കമ്മിറ്റികൾക്ക് രൂപം നൽകേണ്ടതാണ്.

ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ജില്ലാതല പ്രചാരണങ്ങൾക്ക് നേതൃത്വം നൽകുന്നതിനും, പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലാതല കമ്മിറ്റിക്ക് രൂപം നൽകേണ്ടതാണ്.

വാർഡ് തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും (ഒരു ഉദ്യോഗസ്ഥന് ഒന്നിൽ കൂടുതൽ വാർഡിന്റെ ചുമതല വഹിക്കാവുന്നതാണ്) തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സെക്രട്ടറിമാർ കമ്മിറ്റിയുടെ കൺവീനർമാരായി പ്രവർത്തിക്കേണ്ടതാണ്. പദ്ധതിയുടെ വിജയത്തിന് ആവശ്യമാണെന്ന് കരുതുന്ന വ്യക്തികളെയും സംഘടനാ ഭാരവാഹികളെയും കമ്മിറ്റികളിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. ഇത്തരത്തിലുള്ള കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ ഉറപ്പുവരുത്തേണ്ടതാണ്.

ബി.) സംസ്ഥാന സർക്കാരിന്റെ പതാകവാഹക പദ്ധതി ആയതിനാൽ എല്ലാ ജനപ്രതിനിധികളെയും പദ്ധതിയുടെ പ്രചാരകർ ആക്കേണ്ടതാണ്. ആയതിനാൽ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ബഹു. നിയമസഭാ സാമാജികരുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയിൽ, ബന്ധപ്പെട്ട നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റംഗം, പഞ്ചായത്ത് / നഗരസഭ അദ്ധ്യക്ഷന്മാർ, നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, പ്രധാന വകുപ്പുകളുടെ മേധാവികൾ, വിദ്യാഭ്യാസ സ്ഥാപന മേധാവികൾ, പദ്ധതിയുടെ വിജയത്തിന് ആവശ്യമെന്ന് കരുതുന്ന മറ്റ് വ്യക്തികൾ/സംഘടനാ ഭാരവാഹികൾ എന്നിവരെ ഉൾക്കൊള്ളിക്കാവുന്നതാണ്. ബന്ധപ്പെട്ട് കമ്മിറ്റിയുടെ കൺവീനർമാരായും നിയോജകമണ്ഡലത്തിലെ ആസ്ഥാനത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെയോ അല്ലാത്തപക്ഷം നിയമസഭാംഗത്തിന് ഉചിതമായ ഒരു ഉദ്യോഗസ്ഥനെയോ നിശ്ചയിക്കാവുന്നതാണ്. ജില്ലാ കളക്ടർമാർ അല്ലാത്ത പക്ഷം ജില്ലാ കോ-ഓർഡിനേറ്റർ (ലൈഫ്) ബഹു. നിയമസഭാംഗത്തിന്റെ ശ്രദ്ധയിൽ ടി വിവരം കൊണ്ടുവന്ന് പ്രസ്തുത കമ്മിറ്റികൾക്ക് രൂപം നൽകാൻ ആവശ്യമായ സഹായം നൽകേണ്ടതാണ്.

സി) വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ പരസ്പരം പൂരകങ്ങളായിരിക്കേണ്ടതും എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ഉതകുന്നതുമായിരിക്കേണ്ടതാണ്.

### (iii) പ്രചരണ ഉപാധികൾ

പ്രചരണത്തിന് വിവിധ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

എ) മാധ്യമങ്ങൾ

ബി) വിവിധ തലത്തിലുള്ള /തരത്തിലുള്ള മത്സരങ്ങൾ (ഉദാ. കഥാരചന, കവിതാരചന, ചിത്രരചന, കളറിംഗ്, കായിക മത്സരങ്ങൾ തുടങ്ങിയവ

സി) തെരുവ് നാടകങ്ങൾ/ ഫ്ളാഷ് മോബുകൾ

ഡി) വിളംബര ജാഥകൾ / കോർണർ യോഗങ്ങൾ

ഇ) സെമിനാറുകൾ/ ശില്പശാലകൾ/ക്ലാസുകൾ

എഫ്) ലഘുലേഖകൾ, ചിത്രപ്രദർശനങ്ങൾ

ജി) സാമൂഹിക മാധ്യമങ്ങൾ

എച്ച്) അനുയോജ്യമായ മറ്റ് മാർഗ്ഗങ്ങൾ

### (iv) പ്രചരണ ലക്ഷ്യം

എ) അർഹരായ എല്ലാ ഗുണഭോക്താക്കളിലും പദ്ധതിയെ സംബന്ധിച്ച വിവരം എത്തുന്നുവെന്ന് ഉറപ്പാക്കുക.

ബി) അനർഹരായ ആരും പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നില്ല എന്നുറപ്പ് വരുത്തുക.

സി) അർഹരായ എല്ലാവരും പദ്ധതിയിൽ വരുന്നു എന്നുറപ്പാക്കുക.

ഡി) പദ്ധതി നിർവഹണത്തിനായ ധനം, നിർമ്മാണസാമഗ്രികൾ, മനുഷ്യസമ്പത്ത് എന്നിവ സമാഹരിക്കുക.

ഇ) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സംവിധാനവും കൃത്യമായി പ്രവർത്തിക്കുന്നു എന്നും പാളിച്ചകൾ പറ്റുന്നില്ല എന്നും ഉറപ്പുവരുത്തുക

എഫ്) എല്ലാ പൊതുജനങ്ങളെയും പദ്ധതിയുടെ കാവൽക്കാരായി ഉയർത്തിക്കൊണ്ടുവരിക.

**(v) പ്രചരണത്തിനുള്ള ധനസമാഹരണം**

എ) തദ്ദേശ സ്ഥാപന തലത്തിലുള്ള പ്രചരണങ്ങൾക്കായി പഞ്ചായത്തുകളിൽ ഒരു വാർഡിന് 1000 രൂപ വീതവും, ബ്ലോക്ക് പഞ്ചായത്തുകളിൽ 2000 രൂപ വീതവും നഗരസഭകളിൽ ഒരു വാർഡിന് 2000 രൂപ വീതവും, കോർപ്പറേഷനുകൾ വാർഡ് ഒന്നിന് 3000 രൂപ വീതവും, ജില്ലാ പഞ്ചായത്തിന് വാർഡ് ഒന്നിന് 5000 രൂപ വീതവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. പ്രസ്തുത ഫണ്ട് കേന്ദ്രീകൃത രീതിയിൽ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോ, അല്ലാത്തപക്ഷം, വാർഡടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനോ ഉപയോഗിക്കാവുന്നതാണ്.

ബി) സർക്കാരിന്റെ സാമ്പത്തിക സഹായം മാത്രം ഉപയോഗിച്ച് പ്രചരണം എല്ലാതലത്തിലും എത്തിക്കാൻ കഴിയുന്നതല്ല. ആയതിനാൽ ഇതിനാവശ്യമായ തുക സംഭാവന വഴിയോ, സ്പോൺസർഷിപ്പ് വഴിയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കണ്ടെത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ധനസമാഹരണം നടത്തുമ്പോൾ, പദ്ധതി നടപ്പിലാക്കുന്നതിന് ധനസമാഹരണം നടത്തുന്നതിനെ ബാധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് അദ്ധ്യക്ഷന്മാർ ഉറപ്പ് വരുത്തേണ്ടതും ധനസമാഹരണം, ചെലവ് എന്നിവയെ സംബന്ധിച്ച പൂർണ്ണവിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

**(vi) പ്രചരണത്തിന് ഉപയോഗിക്കാവുന്ന വിവിധ മേഖലകൾ / സ്ഥാപനങ്ങൾ**

എ) കുടുംബശ്രീ സംവിധാനം

ബി) സഹകരണ സ്ഥാപനങ്ങൾ

സി) ആരാധനാലയങ്ങൾ

ഡി) ലൈബ്രറികൾ/ക്ലബുകൾ/യുവജനസംഘടനകൾ/ എൻ.ജി.ഒ.കൾ

വ്യവസായസ്ഥാപനങ്ങൾ/ ആതുരാലയങ്ങൾ / മറ്റ് സേവനകേന്ദ്രങ്ങൾ

കർഷകസമിതികൾ/തൊഴിലാളി പ്രസ്ഥാനങ്ങൾ/ കോളനികൾ

മുകളിൽ സൂചിപ്പിച്ചവ സൂചകങ്ങളാണ്. ഓരോ പ്രദേശത്തെയും സാധ്യതകൾ പരിശോധിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങൾ/മേഖലകൾ തെരഞ്ഞെടുക്കാവുന്നതാണ്.

**vii) വിവിധ നിർമ്മാണ മാതൃകകളും പ്രദർശനങ്ങളും**

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലയിലും വിവിധ നിർമ്മാണ മാതൃകകൾ,

വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കേണ്ടതും ആയത് സോഷ്യൽ ഓഡിറ്റിംഗിന് വിധേയ മാക്കേണ്ടതുമാണ്. ആയത് ജനകീയ പങ്കാളിത്തത്തോടെ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതാണ്.

എല്ലാ ഗുണഭോക്താക്കളുടെയും പേരുവിവരം, ഫോട്ടോ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കേണ്ടതും ഓരോ വാർഡ് സഭയിലും ഗ്രാമസഭയിലും നിർവഹണപുരോഗതി അവതരിപ്പിക്കേണ്ടതുമാണ്.

മൂന്നു മാസത്തിലൊരിക്കൽ മിഷൻ പ്രവർത്തനങ്ങൾ പ്രത്യേകം അജണ്ടയായി സ്ഥാപന കമ്മിറ്റികളിൽ നിർബന്ധമായും ചർച്ച ചെയ്യേണ്ടതാണ്.

ഏതെങ്കിലും ഘട്ടത്തിൽ അനർഹർ, ഗുണഭോക്തൃ പട്ടികയിൽ കടന്നുവന്നിട്ടുണ്ടെന്ന് കാണുന്നപക്ഷം, ആയത് നിർബന്ധമായും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ലൈഫ് മിഷന്റെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപന ത്തിന്റെ ശ്രദ്ധയിൽ വന്നാൽ ഉടനടി തെറ്റ് തിരുത്തൽ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ മുൻഗണനാക്രമം തെറ്റിച്ച് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാതിരിക്കാനുള്ള, പ്രത്യേക ശ്രദ്ധ പൊതു ജനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## (ii) എല്ലാവർക്കും ഭവനം - കർമ്മപരിപാടി

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലെ എല്ലാ ഭവനരഹി തർക്കും ഭവനം നൽകുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ എണ്ണം, ആയതിൽ വസ്തുവില്ലാത്തവർ, നിലവിൽ ലഭ്യമായ വസ്തുവിന്റെ വിവരം, അധികമായി കണ്ടെത്തേണ്ടിവരുന്ന വസ്തുവിന്റെ വിവരം, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം, എല്ലാവർക്കും ഭവനം നൽകുന്നതിന് ആവശ്യമായ ധനം, സ്പോൺസറിംഗ്, സംഭാവന എന്നിവ വഴി കണ്ടെത്താൻ കഴിയുന്ന ധനസമാഹരണം, മറ്റ് ധനസ്രോതസ്സുകൾ, ഓരോ വർഷവും പൂർത്തീകരിക്കാൻ കഴിയുന്ന ഭവനങ്ങൾ, അതിനാവശ്യമായ തുക, സാധനസാമഗ്രികൾ, നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ, തൊഴിൽ സേന രൂപീകരിക്കൽ ഗുണഭോക്താക്കൾക്ക് തൊഴിൽപരിശീലനം തുടങ്ങിയവയടങ്ങുന്ന കർമ്മപരിപാടിക്ക് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും രൂപം നൽകേണ്ടതാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2017 ഒക്ടോബർ 31-ന് മുമ്പായി കർമ്മപദ്ധതിയ്ക്ക് രൂപം നൽകേണ്ടതാണ്. കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ എല്ലാവിധ ജനവിഭാഗങ്ങളുമായും ആശയവിനിമയം നടത്തി ആയത് സമ്പുഷ്ടമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതാണ്.

## (iii) തൊഴിൽ പരിശീലനം

ലൈഫ് മിഷനെ മറ്റ് ഭവനപദ്ധതികളിൽ നിന്നും വിഭിന്നമാക്കുന്നത് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ജീവനോപാധിയും മറ്റ് സാമൂഹിക അവകാശങ്ങൾ ലഭ്യമാക്കലുമാണ്.

ലൈഫ് മിഷനിലെ ഗുണഭോക്തൃകുടുംബത്തിലെ ഒരംഗത്തിനെങ്കിലും ജീവനോപാധി ലഭ്യമാക്കുന്നതിന് ആവശ്യമായ തൊഴിൽ പരിശീലനം നൽകുക എന്നത് ലൈഫ് മിഷന്റെ ഉത്തരവാദിത്വമാണ്. ആയതിനാൽ ഗുണഭോക്താവിന് യോജിച്ച തൊഴിൽ പരിശീലനം ഏതെന്ന് മനസ്സിലാക്കി അവർക്ക് ആയത് നൽകേണ്ടതാണ്. ഇതിനായി കുടുംബശ്രീ അടക്കം പ്രാദേശിക തലത്തിലുള്ള നിഷ്പക്ഷവും മതേതരവും ജനകീയ അടിത്തറയുള്ളതുമായ കഴിവുറ്റ സംഘടനകളുടെ സഹായം ഉപയോഗിച്ച് പദ്ധതി തയ്യാറാക്കേണ്ടതാണ്.

## (iv) സാമൂഹിക അവകാശങ്ങൾ ലഭ്യമാക്കൽ

ലൈഫ് മിഷനിലെ ഗുണഭോക്താക്കൾക്ക് അർഹമായ എല്ലാ സാമൂഹിക അവകാശങ്ങളും (Social entitlement) അവരുടെ വീട്ടുപടിക്കൽ എത്തിക്കാൻ മിഷൻ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി ഗുണഭോക്താവായി തിരഞ്ഞെടുക്കുന്ന ഓരോ ഗുണഭോക്താവിനും അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള സുരക്ഷാ പെൻഷനുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ കണ്ടെത്തി, അവർക്ക് ലഭ്യമാക്കേണ്ടതാണ്.

## (v) ഡോക്യുമെന്റേഷനുകൾ/അവാർഡുകൾ

തങ്ങളുടെ കാലാവധിയിൽ എടുത്തു കാട്ടാൻ കഴിയുന്ന പദ്ധതിയായി ലൈഫിനെ മാറ്റിയെടുക്കേണ്ടത് നിലവിലുള്ള ഭരണ സമിതിയുടെ ചുമതലയാണ്. ആയത് ചരിത്രത്തിൽ ഇടംപിടിക്കേണ്ട ഒന്നാണ്. ആയതിനാൽ, ചെയ്യുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി വരും കാലങ്ങൾക്ക് അറിവ് നൽകുന്ന രേഖകൾ സൃഷ്ടിക്കപ്പെടേണ്ടതാണ്. നിർവ്വഹിക്കുന്ന ഓരോ പ്രവൃത്തിയും ഗുണഭോക്താവിന്റെ പേരും, ഫോട്ടോയും സഹിതം, രേഖകളാക്കി സൂക്ഷിക്കേണ്ടതാണ്. ഇതിന്, ആദ്യഘട്ടം മുതൽ തന്നെ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ആവശ്യമാകുന്ന പക്ഷം, മിഷൻ പ്രവർത്തനത്തിന്റെ ഓരോ ഘട്ടവും രേഖപ്പെടുത്തുന്ന ചിത്രങ്ങൾ ശേഖരിച്ച്, ആൽബം, വീഡിയോ, എന്നിവ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക പുരസ്കാരം നൽകുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വാർഡും ഭവനരഹിതരല്ലാത്ത വാർഡാകുന്നതിന് മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതും ആദ്യം നിശ്ചിത എണ്ണം പൂർത്തീകരിക്കുന്ന വാർഡിന് പുരസ്കാരം സമ്മാനിക്കാവുന്നതുമാണ്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ആദ്യം ഭവനരഹിതരില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനമായി മാറുന്ന സ്ഥാപനത്തിന് പുരസ്കാരം നൽകുന്നതാണ്. കൂടാതെ ആദ്യം 250, 500, 1000 ഭവനങ്ങൾ പൂർത്തീകരിക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാനതലത്തിൽ പുരസ്കാരം നൽകുന്നതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന്റെ പൂർണ്ണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും, ജില്ലാ തലത്തിൽ ആയതിന്റെ ചുമതല ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്കും ആയിരിക്കുന്നതാണ്.

*************

എഫ്. സമയബന്ധിതമായി കരട് പട്ടിക പ്രസിദ്ധീകരിക്കൽ, അപ്പീൽ / തീർപ്പാക്കൽ, അന്തിമ പട്ടിക പ്രസിദ്ധീകരിക്കൽ എന്നിവ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുക.

### 3. ധന സമാഹരണം

ദൗത്യം വിജയകരമായി പൂർത്തീകരിക്കുന്നതിന് 20,000 കോടി രൂപയിൽ അധികം തുക ആവശ്യമാണ്. ഇവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിനും മാത്രമായി കണ്ടെത്താൻ കഴിയില്ല. ആയത് പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സമാഹരിച്ച് പദ്ധതി വിജയകരമായി പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**(i) ഭവനനിധിയുടെ രൂപീകരണം**

ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കുന്നതാണ്. സമൂഹ ത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ സ്ഥാപനങ്ങൾ എന്നിവർക്ക് സംഭാവന നൽകാവുന്നതാണ്.

**(എ) തദ്ദേശ സ്വയംഭരണ സ്ഥാപനതലം**

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണ്. ബ്ലോക്ക് തലത്തിൽ ഭവനനിധി രൂപീകരിക്കേണ്ടതില്ല.

**(ബി) ജില്ലാതലം**

ജില്ലാതലത്തിൽ ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണ്.

**(സി) സംസ്ഥാനതലം**

സംസ്ഥാന തലത്തിൽ ലൈഫ് മിഷൻ സി.ഇ.ഒ. യുടെ പേരിൽ ഭവനനിധി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

**(ii) ഭവനനിധി ധനസമാഹരണം**

വിവിധ തലത്തിലുള്ള ഭവനനിധിയുടെ ധനസമാഹരണത്തിനായി താഴെ വിവരിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

**(എ) സംഭാവന ശേഖരിക്കൽ**

(ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം, ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കഴിയണം.)

**ബി) സി.എസ്.ആർ ഫണ്ട്**

**സി) വിവിധ തരത്തിലുള്ള മൽസരങ്ങൾ സംഘടിപ്പിക്കൽ**

**ഡി) വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ**

**ഇ) എം.പി. / എം.എൽ.എ. വികസന ഫണ്ടുകൾ**

### എഫ്) നിയമാനുസൃതമായ മറ്റ് രീതികൾ

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

### (iii) ഭവനനിധിയുടെ ഉപയോഗം

ലൈഫ് മിഷന്റെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനും, ഭവനസമുച്ചയത്തിന്റെ നിർമ്മാണത്തിനും മാത്രമായി ഭവനനിധിയുടെ ഉപയോഗം പരിമിതപ്പെടുത്തുന്നു. എന്നാൽ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ലഭിക്കുന്ന ഫണ്ടുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എന്നാൽ കൂടുതൽ ഭവനരഹിതരുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഭവനനിർമ്മാണത്തിനായി ലൈഫ്മിഷന്റെ തീരുമാനമനുസരിച്ച് അനുവദിക്കേണ്ടതാണ്. ഭവനനിധിയുടെ വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കൃത്യമായി സൂക്ഷിക്കേണ്ടതും, ആയത് ആഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

### 4. നിർവ്വഹണം

മിഷൻ പ്രവർത്തനത്തിൽ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ഘട്ടമാണ് പദ്ധതിയുടെ നിർവഹണം. പ്രധാനമായും രണ്ട് തരം നിർവഹണഘടകം പദ്ധതിയിലുണ്ട്.

(i) വ്യക്തിഗത ഭവനനിർമ്മാണം

(ii) ഭവനസമുച്ചയങ്ങളുടെ നിർമ്മാണം

### (x) വ്യക്തിഗത ഭവനനിർമ്മാണം

ഏറ്റവും അർഹരായ ചിലർക്ക്, സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ, ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ഇത്തരത്തിലുള്ള ഭവനരഹിതർ പലപ്പോഴും സർക്കാരിന്റെ പദ്ധതികളിൽ നിന്നും മാറി നിൽക്കുന്നവരുമാണ്. ധനസഹായം ലഭ്യമായാലും സഹായിക്കാൻ ആരുമില്ലാത്തവരും ലഭിക്കുന്ന ധനസഹായത്തിന് പുറമേ ഒരു രൂപ പോലും അധികധനസമാഹരണം നടത്താൻ കഴിയാത്തവരും ഈ ഗണത്തിൽ വരുന്നതാണ്.

ഇത്തരക്കാർക്ക് ഒരു കൈത്താങ്ങ് നൽകേണ്ടത് പങ്കാളിത്തസ്വഭാവമുള്ള സമൂഹമാണ്. ഇതിലേക്കായി താഴെപ്പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

എ) മുകളിൽ സൂചിപ്പിച്ച ഗണത്തിൽ വരുന്ന ഗുണഭോക്താക്കൾ തങ്ങളുടെ വാർഡിനകത്ത് ഉണ്ടോ എന്ന് പരിശോധിച്ച് കണ്ടെത്തുക. ഇവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തുക. അവ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ വാർഡ് അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുക. ഒരു വാർഡിൽ ചിലപ്പോൾ ഒന്നോ രണ്ടോ ഗുണഭോക്താക്കൾ മാത്രമേ ഇത്തരത്തിൽ ഉണ്ടായിരിക്കാൻ സാധ്യതയുള്ളു. അവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും, പ്രാദേശികമായി തുക സമാഹരിച്ചും, ഭവനനിർമ്മാണത്തിൽ പങ്കാളിയായും സഹായിക്കാവുന്നതാണ്. (ഇതിനായി കോളേജ് വിദ്യാർത്ഥികൾ / എൻ.എസ്.എസ്., ക്ലബ്ബുകൾ, ട്രേഡ് യൂണിയൻ പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെ മാനുഷികശേഷി ഉപയോഗിക്കാവുന്നതാണ്.) ഇത്തരത്തിൽ ഒരു വാർഡിൽ ജനകീയ പങ്കാളിത്തത്തോടെ ഒരു വീടെങ്കിലും പൂർത്തീകരിക്കേണ്ടതാണ്.

ബി) തങ്ങളുടെ സ്കൂളിൽ / കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥിയുടെ കുടുംബം ലൈഫ് മിഷനിലെ ഗുണഭോക്താവ് ആകുന്ന പക്ഷം പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന് വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും അവരുടെ മാനുഷികശേഷി ഉപയോഗിച്ച് ഭവനനിർമ്മാണം പൂർത്തീകരിച്ചും നൽകാവു ന്നതാണ്. ഇതിന് പുറമേ വിദ്യാർത്ഥിയല്ലാത്ത കുടുംബത്തിന്റെയും ഭവന നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിക്കാവുന്നതാണ്.

സി) ഇത്തരത്തിൽ വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിൽ അംഗമായിട്ടുള്ള ഭവനരഹിതരുടെയോ അംഗമല്ലാത്ത ഭവനരഹിത രുടെയോ ഒന്നോ അതിൽ കൂടുതലോ ഭവനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിക്കാവു ന്നതാണ്. കൂടാതെ സന്നദ്ധ സംഘടനകൾ, യുവജനസംഘടനകൾ തുടങ്ങിയ സംഘടനകൾക്കും ഇത്തരത്തിൽ ഭവനനിർമ്മാണം ഏറ്റെടുക്കാവുന്നതാണ്.

ഡി) നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണമായി നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

ഇ) ഒരു വാർഡിലെയോ/ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ ഏറ്റവും ദരിദ്രരായ ഭവനരഹിതർക്ക്, അവർക്ക് മാത്രമായി ഭവനം നിർമ്മിക്കാൻ കഴിയുന്നില്ല എങ്കിൽ ഭവനനിർമ്മാണം, പൂർണമായി ലാഭേച്ഛയില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന സംഘടനാ/ സ്ഥാപനങ്ങൾ എന്നിവരെ ഏൽപ്പിക്കാവുന്നതാണ്. അത്തരക്കാരെ കണ്ടെത്തി അവരെ ചുമതല ഏൽപ്പിക്കുന്നതിന്റെ പൂർണചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള സ്ഥാപനത്തിന്റെ യോഗ്യതയെയും വിശ്വാസ്യതയെയും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സംശയമില്ലാത്ത പക്ഷം, ബന്ധപ്പെട്ട ഗുണഭോക്താവിന് നൽകുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പ്രസ്തുത സ്ഥാപനത്തിന് കൈമാറാവുന്ന താണ്. ആയതിന് ബന്ധപ്പെട്ട ഗുണഭോക്താവിന്റെ സമ്മതം തദ്ദേശ സ്വയംഭരണ സ്ഥാപനം നേടിയിരിക്കേണ്ടതാണ്. ആവശ്യമാകുന്ന പക്ഷം ധനസഹായ ത്തിന്റെ 50% തുക മുൻകൂറായി ഇത്തരത്തിലുള്ള നിർവ്വഹണ ഏജൻസിക്ക് നൽകാ വുന്നതും, ആയതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം കരാർ ചമയ്ക്കേണ്ടതുമാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എൻജിനിയർമാരുടെ മേൽനോട്ടം നിർമ്മാണത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

എഫ്) ഒരു വാർഡിലെയോ, ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ ഗുണഭോക്താക്കൾക്ക് (ഭാഗികമായോ, പൂർണമായോ) തദ്ദേശ സ്വയംഭരണ സ്ഥാപനം മുൻകൈ എടുത്ത് സാധന സാമഗ്രികൾ ഒരുമിച്ച് വാങ്ങി (Bulk purchase) നൽകാവുന്നതാണ്. ഇത് വഴി ലഭിക്കുന്ന ലാഭം ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

ജി) അടുത്ത 5 വർഷത്തിനുള്ളിൽ ഏകദേശം 5 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനുള്ള മാനുഷിക വിഭവം (labour force) നമ്മുടെ സംസ്ഥാനത്ത് നിലവിൽ ഇല്ല. ഇവ കുറഞ്ഞ നിരക്കിൽ ഗുണഭോക്താക്കൾക്ക് തടസ്സങ്ങളില്ലാതെ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ ഗ്രൂപ്പുകളെ സജ്ജമാക്കേണ്ടതും, ഗുണഭോക്താവിന്റെ ആവശ്യാനുസരണം എത്തിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കേണ്ടതുമാണ്.

ഐ) ഭവന നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും മുകളിൽ പറഞ്ഞ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

ജെ) മുകളിൽ സൂചിപ്പിച്ച മാർഗ്ഗങ്ങൾക്ക് പുറമേ തദ്ദേശീയമായി, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഉചിതമെന്ന് കരുതുന്ന, എന്നാൽ ലക്ഷ്യം സാധൂകരിക്കാൻ ഉതകുന്ന ഏത് മാർഗ്ഗവും പൊതുജനങ്ങളെ ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

## II) ഭവനസമുച്ചയങ്ങളുടെ നിർമ്മാണം

ഭവനസമുച്ചയ നിർമ്മാണത്തിലും ജനകീയ പങ്കാളിത്തത്തിന് വലിയ പങ്കുണ്ട്.

എ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏറ്റവും കുറഞ്ഞത് ഒന്നിൽ കൂടുതൽ ഭവനസമുച്ചയങ്ങൾ ഭൂരഹിതരായ ഭവനരഹിതർക്കായി നിർമ്മിക്കേണ്ടി വരുന്നതാണ്. സ്ഥലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും, ഭവനസമുച്ചയത്തിന്റെ നിർമ്മാണത്തിനും ജനകീയ പങ്കാളിത്തം ഉപയോഗിക്കാവുന്നതാണ്.

ബി) സ്ഥാപനങ്ങൾ/ സംഘടനകൾ/ വ്യക്തികൾ എന്നിവരിൽ നിന്നും നിർമ്മാണ യോഗ്യമായ ഭൂമി സൗജന്യമായി കണ്ടെത്താവുന്നതാണ്.

സി) സ്ഥാപനങ്ങൾ / സംഘടനകൾ/ വ്യക്തികൾ എന്നിവർക്ക് കഴിയുന്ന പക്ഷം ഒരു ഭവനസമുച്ചയം പൂർണമായി നിർമ്മിക്കാൻ കഴിയുമോ എന്നത് പരിശോധിച്ച് നടപ്പിലാക്കാവുന്നതാണ്.

ഡി) ഇത്തരത്തിൽ ഒരു ജില്ലയിൽ കുറഞ്ഞത് 10 സ്ഥലമെങ്കിലും കണ്ടെത്താനും കുറഞ്ഞത് 2 ഭവനസമുച്ചയങ്ങൾ എങ്കിലും പൂർണമായും സൗജന്യമായി നിർമ്മിക്കാനും ജില്ലകൾ തയ്യാറാകേണ്ടതാണ്.

ഇ) ഗുണഭോക്താക്കളുടെ താല്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നുവെന്ന് നിർമ്മാണത്തിന്റെ ആസൂത്രണ വേളയിലും നിർമ്മാണവേളയിലും പങ്കെടുത്ത്, ആശയനിർദ്ദേശങ്ങൾ നൽകി ഗുണഭോക്താക്കൾക്കിടയിൽ ഉടമസ്ഥതാ ബോധം കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്.

എഫ്) തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ നിർമ്മാണ തൊഴിലാളികളെയും അണിനിരത്തി തൊഴിൽ സേന രൂപീകരിക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞത് 5 ദിവസത്തെയെങ്കിലും ഇവരുടെ മാനുഷിക അധ്വാനം സൗജന്യമായി ഭവന നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണ്.

ജി) തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയിലെ സാങ്കേതിക വിദഗ്ധരുടെ (സാങ്കേതിക വിദ്യാഭ്യാസം നടത്തുന്നവർ, സാങ്കേതിക പഠനം പൂർത്തിയാക്കിയവർ, സാങ്കേതിക മേഖലയിൽ പണിയെടുക്കുന്നവർ, ടി മേഖലയിൽ നിന്നും വിരമിച്ചവർ) ഉൾക്കൊള്ളിച്ച് ഒരു സന്നദ്ധ വിദഗ്ധ സമിതി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും രൂപീകരിക്കേണ്ടതും അവരെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വിനിയോഗിക്കേണ്ടതുമാണ്. ജില്ലാതലത്തിൽ ഇത്തരം സമിതിക്ക് ജില്ലാ കളക്ടർ രൂപം നൽകേണ്ടതും അവരുടെ സേവനം ഭവന സമുച്ചയത്തിന്റെ ഡിസൈനിംഗ്, ആസൂത്രണം, നിർമ്മാണം എന്നീ വിവിധ ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ടതുമാണ്.

## III സംസ്ഥാനതലം

സംസ്ഥാനതലത്തിൽ മിഷന്റെ നേതൃത്വത്തിൽ ഭവന സമുച്ചയ നിർമാണം, വ്യക്തിഗത ഭവന നിർമാണം, ഭൂമി കണ്ടെത്തൽ എന്നിവയ്ക്കായി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി കെട്ടിട നിർമ്മാതാക്കൾ, വ്യവസായ സംരംഭകർ, NGO-കൾ, തൊഴിലാളി

സംഘടനകൾ, യുവജന സംഘടനകൾ തുടങ്ങിയവരുമായി സഹകരിച്ച് ജില്ലകളിൽ ഏറ്റവും കുറഞ്ഞത് 2 ഭവന സമുച്ചയവും സംസ്ഥാനത്ത് ഒട്ടാകെ 5000 ഭവനവും നിർമ്മിക്കുന്നതാണ്. ഇതിനു പുറമെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തിനും, നിർമാണയോഗ്യമായ ഭൂമി കണ്ടെത്തുന്നതിനും ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 5. മറ്റുള്ളവ

**(i) സുതാര്യത** – ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ്, ധനസഹായം നൽകുന്നവരുടെ പേരുവിവരം / തുക, ഭവനസമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം / നിർമ്മിക്കുന്ന ഏജൻസി, വരവ് /ചെലവ് വിവരങ്ങൾ എന്നിവ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കേണ്ടതും ആയത് സോഷ്യൽ ഓഡിറ്റിംഗിന് വിധേയ മാക്കേണ്ടതുമാണ്. ആയത് ജനകീയ പങ്കാളിത്തത്തോടെ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതാണ്.

എല്ലാ ഗുണഭോക്താക്കളുടെയും പേരുവിവരം, ഫോട്ടോ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കേണ്ടതും ഓരോ വാർഡ് സഭയിലും ഗ്രാമസഭയിലും നിർവഹണപുരോഗതി അവതരിപ്പിക്കേണ്ടതുമാണ്.

മൂന്നു മാസത്തിലൊരിക്കൽ മിഷൻ പ്രവർത്തനങ്ങൾ പ്രത്യേകം അജണ്ടയായി സ്ഥാപന കമ്മിറ്റികളിൽ നിർബന്ധമായും ചർച്ച ചെയ്യേണ്ടതാണ്.

ഏതെങ്കിലും ഘട്ടത്തിൽ അനർഹർ, ഗുണഭോക്തൃ പട്ടികയിൽ കടന്നുവന്നിട്ടുണ്ടെന്ന് കാണുന്നപക്ഷം, ആയത് നിർബന്ധമായും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ലൈഫ് മിഷന്റെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപന ത്തിന്റെ ശ്രദ്ധയിൽ വന്നാൽ ഉടനടി തെറ്റ് തിരുത്തൽ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ മുൻഗണനാക്രമം തെറ്റിച്ച് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാതിരിക്കാനുള്ള, പ്രത്യേക ശ്രദ്ധ പൊതു ജനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

**(ii) എല്ലാവർക്കും ഭവനം - കർമ്മപരിപാടി**

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലെ എല്ലാ ഭവനരഹിതർക്കും ഭവനം നൽകുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ എണ്ണം, ആയതിൽ വസ്തുവില്ലാത്തവർ, നിലവിൽ ലഭ്യമായ വസ്തുവിന്റെ വിവരം, അധികമായി കണ്ടെത്തേണ്ടിവരുന്ന വസ്തുവിന്റെ വിവരം, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം, എല്ലാവർക്കും ഭവനം നൽകുന്നതിന് ആവശ്യമായ ധനം, സ്പോൺസറിംഗ്, സംഭാവന എന്നിവ വഴി കണ്ടെത്താൻ കഴിയുന്ന ധനസമാഹരണം, മറ്റ് ധനസ്രോതസ്സുകൾ, ഓരോ വർഷവും പൂർത്തീകരിക്കാൻ കഴിയുന്ന ഭവനങ്ങൾ, അതിനാവശ്യമായ തുക, സാധനസാമഗ്രികൾ, നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ, തൊഴിൽ സേന രൂപീകരിക്കൽ ഗുണഭോക്താക്കൾക്ക് തൊഴിൽപരിശീലനം തുടങ്ങിയവയടങ്ങുന്ന കർമ്മപരിപാടിക്ക് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും രൂപം നൽകേണ്ടതാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2017 ഒക്ടോബർ 31-ന് മുമ്പായി കർമ്മപദ്ധതിയ്ക്ക് രൂപം നൽകേണ്ടതാണ്. കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ എല്ലാവിധ ജനവിഭാഗങ്ങളുമായും ആശയവിനിമയം നടത്തി ആയത് സമ്പുഷ്ടമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതാണ്.

### (iii) തൊഴിൽ പരിശീലനം

ലൈഫ് മിഷനെ മറ്റ് ഭവനപദ്ധതികളിൽ നിന്നും വിഭിന്നമാക്കുന്നത് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ജീവനോപാധിയും മറ്റ് സാമൂഹിക അവകാശങ്ങൾ ലഭ്യമാക്കലുമാണ്.

ലൈഫ് മിഷനിലെ ഗുണഭോക്തൃകുടുംബത്തിലെ ഒരംഗത്തിനെങ്കിലും ജീവനോപാധി ലഭ്യമാക്കുന്നതിന് ആവശ്യമായ തൊഴിൽ പരിശീലനം നൽകുക എന്നത് ലൈഫ് മിഷന്റെ ഉത്തരവാദിത്വമാണ്. ആയതിനാൽ ഗുണഭോക്താവിന് യോജിച്ച തൊഴിൽ പരിശീലനം ഏതെന്ന് മനസ്സിലാക്കി അവർക്ക് ആയത് നൽകേണ്ടതാണ്. ഇതിനായി കുടുംബശ്രീ അടക്കം പ്രാദേശിക തലത്തിലുള്ള നിഷ്പക്ഷവും മതേതരവും ജനകീയ അടിത്തറയുള്ളതുമായ കഴിവുറ്റ സംഘടനകളുടെ സഹായം ഉപയോഗിച്ച് പദ്ധതി തയ്യാറാക്കേണ്ടതാണ്.

### (iv) സാമൂഹിക അവകാശങ്ങൾ ലഭ്യമാക്കൽ

ലൈഫ് മിഷനിലെ ഗുണഭോക്താക്കൾക്ക് അർഹമായ എല്ലാ സാമൂഹിക അവകാശങ്ങളും (Social entitlement) അവരുടെ വീട്ടുപടിക്കൽ എത്തിക്കാൻ മിഷൻ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി ഗുണഭോക്താവായി തിരഞ്ഞെടുക്കുന്ന ഓരോ ഗുണഭോക്താവിനും അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള സുരക്ഷാ പെൻഷനുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ കണ്ടെത്തി, അവർക്ക് ലഭ്യമാക്കേണ്ടതാണ്.

### (v) ഡോക്യുമെന്റേഷനുകൾ/അവാർഡുകൾ

തങ്ങളുടെ കാലാവധിയിൽ എടുത്തു കാട്ടാൻ കഴിയുന്ന പദ്ധതിയായി ലൈഫിനെ മാറ്റിയെടുക്കേണ്ടത് നിലവിലുള്ള ഭരണ സമിതിയുടെ ചുമതലയാണ്. ആയത് ചരിത്രത്തിൽ ഇടംപിടിക്കേണ്ട ഒന്നാണ്. ആയതിനാൽ, ചെയ്യുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി വരും കാലങ്ങൾക്ക് അറിവ് നൽകുന്ന രേഖകൾ സൃഷ്ടിക്കപ്പെടേണ്ടതാണ്. നിർവ്വഹിക്കുന്ന ഓരോ പ്രവൃത്തിയും ഗുണഭോക്താവിന്റെ പേരും, ഫോട്ടോയും സഹിതം, രേഖകളാക്കി സൂക്ഷിക്കേണ്ടതാണ്. ഇതിന്, ആദ്യഘട്ടം മുതൽ തന്നെ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ആവശ്യമാകുന്ന പക്ഷം, മിഷൻ പ്രവർത്തനത്തിന്റെ ഓരോ ഘട്ടവും രേഖപ്പെടുത്തുന്ന ചിത്രങ്ങൾ ശേഖരിച്ച്, ആൽബം, വീഡിയോ, എന്നിവ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക പുരസ്കാരം നൽകുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വാർഡും ഭവനരഹിതരല്ലാത്ത വാർഡാകുന്നതിന് മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതും ആദ്യം നിശ്ചിത എണ്ണം പൂർത്തീകരിക്കുന്ന വാർഡിന് പുരസ്കാരം സമ്മാനിക്കാവുന്നതുമാണ്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ആദ്യം ഭവനരഹിതരില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനമായി മാറുന്ന സ്ഥാപനത്തിന് പുരസ്കാരം നൽകുന്നതാണ്. കൂടാതെ ആദ്യം 250, 500, 1000 ഭവനങ്ങൾ പൂർത്തീകരിക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാനതലത്തിൽ പുരസ്കാരം നൽകുന്നതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന്റെ പൂർണ്ണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും, ജില്ലാ തലത്തിൽ ആയതിന്റെ ചുമതല ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്കും ആയിരിക്കുന്നതാണ്.

*************